നം.കെ.എസ്.എ.പി.റ്റി.എ./പി8/1359/2016 തീയതി: 24/12/2016

## പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 15.5.2016 മുതൽ 18.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2016 മുതൽ 1.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ ജോർജ് പി മാത്യൂ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br><br>ശ്രീ അരുൺകുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുഗതകുമാരി.കെ | 01.04.2015മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 1.11.2015 മുതൽ 18.11.2015 |
| | ശ്രീ. ജയൻ പുളിക്കൽ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. നെൽസൺ.എസ് | 01.04.2015 മുതൽ 24.7.2015വരെ |
| | ശ്രീ. സലിംകുമാർ.ജി | 24.7.2015 മുതൽ 31.3.12016വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

- ഓഡിറ്റ് സർട്ടിഫിക്കറ്റ്
- ബാലൻസ് ഷീറ്റ് - 2015-16
- ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
- റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ- അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | രസീതുകളുടെ സൂക്ഷിപ്പ് - അപാകതകൾ | 2-1 |
| 13 | റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 2-2 |
| 14 | വസ്തുനികുതി പരിഷ്കരണ പുരോഗതി | 2-3 |
| 15 | വിമുക്ത ഭടൻമാർക്കും ആശ്രിതർക്കും താമസിക്കുന്ന വീടിന്റെ നികുതി ഇളവ് -സർക്കാർ ഉത്തരവിന് വിരുദ്ധമായി അനർഹർക്കും ആനുകൂല്യം നൽകി | 2-4 |
| 16 | വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ്- സർക്കാർ ഉത്തരവ് പൂർണ്ണമായി പാലിക്കുന്നില്ല | 2-5 |
| 17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശിക നിലനിൽക്കുന്നു | 2-6 |
| 18 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-7 |
| 19 | ഡി ആന്റ് ഒ ലൈസൻസ് | 2-8 |
| 20 | പരസ്യ നികുതി പിരിക്കുന്നില്ല | 2-9 |
| 21 | ഗ്രാമപഞ്ചായത്ത് പരിധിയിൽ വളർത്തുന്ന നായ്ക്കൾക്ക് ലൈസൻസ് നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 2-10 |

| | | |
|---|---|---|
| | ഭാഗം 3 | |
| 22 | താൽക്കാലിക പാർട്ട് ടൈം അറ്റൻഡർക്ക് സർക്കാർ ഉത്തരവിൽ അധികരിച്ച് വേതനം നൽകി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-1 |
| 23 | അനുവദനീയമായ പരിധിയിൽ അധികരിച്ച് പാലിയേറ്റീവ് കെയർ പദ്ധതിയിൽ തുക ചെലവഴിച്ചു- സർക്കാർ ഫണ്ടിന് നഷ്ടം | 3-2 |
| 24 | സ്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| 25 | വാട്ടർ കണക്ഷൻ എടുത്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താവിന് സബ്സിഡി നൽകി | 3-4 |
| 26 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക ഡി.ഡി. ആയി നൽകുന്നു | 3-5 |
| 27 | പ്ലാസ്റ്റിക് കസേരകൾ വാങ്ങിയതിന് ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിച്ചില്ല | 3-6 |
| 28 | പൊതുജനങ്ങൾക്ക് വിശ്രമകേന്ദ്രം- പ്രയോജനപ്രദമാക്കിയിട്ടില്ല | 3-7 |
| 29 | 63.94 ലക്ഷം രൂപ ചെലവഴിച്ച വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായിട്ടില്ല | 3-8 |
| 30 | ഗ്രാമലക്ഷ്മിയിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ വിതരണ വിവരം ലഭ്യമല്ല | 3-9 |
| 31 | വിനിയോഗ രേഖയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-10 |
| 32 | എസ്.എസ്.എ പദ്ധതിയ്ക്ക് വർഷാവർഷം തുക നൽകുന്നതിൽ മാത്രം പരിമിതപ്പെടുന്നു | 3-11 |
| 33 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി നൽകി | 3-12 |
| 34 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ- സബ്സിഡി മാർഗരേഖയനുസരിച്ചുള്ള കരാർ ചമയ്ക്കുന്നില്ല | 3-13 |
| 35 | മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-14 |
| 36 | മൃഗാശുപത്രി മെയിന്റനൻസ്- പ്രൊജക്ട് പ്രകാരം വാങ്ങിയ വാട്ടർടാങ്ക് സ്ഥാപിച്ചിട്ടില്ല | 3-15 |
| 37 | എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ- നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല | 3-16 |
| 38 | പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിച്ചു- കാരണം വ്യക്തമാക്കിയിട്ടില്ല | 3-17 |
| 39 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതി- അപാകതകൾ | 3-18 |
| 40 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം | 3-19 |
| 41 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - അവലോകനം | 3-20 |
| 42 | ആശ്രയ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല | 3-21 |
| | ഭാഗം-4 | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 44 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 47` | ഓഡിറ്റ് റിക്കവറി | 4-5 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |

| | | |
|---|---|---|
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ 1- നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 14113600 | 14875799 | 762199 | --- | 5.40% |
| വരവ് | 65554600 | 26935423 | --- | 38619177 | 58.91% |
| ആകെ | 79668200 | 41811222 | --- | 37856978 | 47.52% |
| ചെലവ് | 60411450 | 34729456 | --- | 25681994 | 42.51% |
| നീക്കിയിരിപ്പ് | 8397095 | 7081766 | --- | 1315329 | 15.66% |

വരവുചെലവു തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. യാഥാർത്ഥ്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട് ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## (1-2) വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|
| 2015-16 | 15/05/2016 | 22/07/2016 |

## (1-3) അക്കൗണ്ട് സർട്ടിഫിക്കേഷൻ - അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തുനികുതി ഡിമാന്റ്, ബാലൻസ് തുകകൾ കൃത്യമായി കണക്കാക്കിയിട്ടില്ല. ആയതിനാൽ I-1, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

2. ബില്ലുകളിൽ നിന്നും കുറവു ചെയ്ത് ഒടുക്കുന്ന വാറ്റ്, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ വിവരം അക്കൗണ്ട്സിൽ കാണിക്കുന്നില്ല.

3. B-11: Fixed Assets- ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടില്ല. ഭൂരിഭാഗം ഇനങ്ങളിലും മുൻവർഷ കണക്കിലെ തുകകൾ തന്നെ ക്യാരി ഓവർ ചെയ്തിരിക്കുകയാണ്. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.(Opening stock, തൻ വർഷത്തെ സ്റ്റോർ പർച്ചേസിന്റെ മൂല്യം, Closing stock മുതലായ വിവരങ്ങൾ). 8.8.12-ലെ സ.ഉ.(കൈ) നം.212/12/ത.സ്വ.ഭ.വ- ഉത്തരവു പ്രകാരം ആസ്തികളുടെ തേയ്മാനം കുറവു ചെയ്ത് ആസ്തി മൂല്യം കണക്കാക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## (1-4) സാമ്പത്തിക വിശകലനം

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 14875799 |
| വരവ് | 26935423 |
| ആകെ | 41811222 |
| ചെലവ് | 34729456 |
| നീക്കിയിരിപ്പ് | 7081766 |

# (1-5) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | | | ആകെ | ചെലവ് | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| | | കൺ സോളി ഡേറ്റഡ് ഫണ്ട് | റ്റി.സി. തുക | ബ്ലോക്ക് വിഹിതം | | കൺ സോളി ഡേറ്റഡ് ഫണ്ട് | റ്റി.സി. തുക | ബ്ലോക്ക് ഫണ്ട് | ആകെ ചെലവ് | |
| വികസനഫണ്ട്-പൊതുവിഭാഗം | 761848 | 4528989 | 2046898 | 200000 | 7537735 | 7336827 | -- | 200908 | 7537735 | 0 |
| വികസനഫണ്ട് -എസ്.സി.പി. | 174000 | 2340500 | --- | --- | 2514500 | 2340500 | 174000 | -- | 2514500 | 0 |
| വികസനഫണ്ട്-ടി.എസ്.പി. | 72000 | 62000 | --- | --- | 134000 | 62000 | 72000 | -- | 134000 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2610000 | 8651 | --- | --- | 2618651 | 2610000 | 8651 | -- | 2618651 | 0 |
| 13thCFCഗ്രാന്റ് | 664927 | 5515712 | --- | --- | 6180639 | 4388392 | 1792247 | - | 6180639 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1898618 | 1357302 | --- | --- | 3255920 | 3255920 | -- | -- | 3255920 | 0 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 534500 | 1890167 | --- | --- | 2424667 | 2424667 | -- | - - | 2424667 | 0 |

വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതായ ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമാകുന്നു. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) എന്നീയിനങ്ങളിൽ പ്രൊജക്കുകൾക്കായി വകയിരുത്തിയ തുകകൾ പോലും ഫലപ്രദമായി വിനിയോഗിക്കുന്നില്ല. പൊതുവിഭാഗം ഇനത്തിൽ വകയിരുത്തിയ 9244940രൂപയിൽ 7336827രൂപയും, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) -ൽ വകയിരുത്തിയ 4433618രൂപയിൽ 2480571രൂപയും മാത്രമാണ് വിനിയോഗിച്ചത്. ഫണ്ടുകൾ ലാപ്സാകാതെ യഥാസമയം വിനിയോഗിക്കുന്നതിൽ ഭരണസമിതിയും സെക്രട്ടറിയും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഫണ്ടിനം ലാപ്സാകുന്നതിന്റെ ഉത്തരവാദിത്വം അതാത് ന്ര്വ്വഹണ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

# (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 159 | 43722659 | 116 | ഇല്ല | 26144872 | 43 | 73% |

വകയിരുത്തിയ അടങ്കൽ തുകയുടെ 59.8% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്. വികസനഫണ്ട്,

മെയിന്റനൻസ് ഗ്രാന്റ് തുകകൾ വർഷാവസാനം ലാപ്സാകുന്ന സാഹചര്യത്തിൽ, ഫണ്ടുകൾ യഥാവിധി ചെലവഴിക്കാതിരിക്കുന്നത് ഭരണസമിതിയുടേയും നിർവ്വഹണഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

# (1-7) പദ്ധതി നിർവ്വഹണ വിവരങ്ങൾ

| മേഖല | അംഗീകരിച്ച പ്രൊജക്ടുകൾ | | നടപ്പിലാക്കിയ പ്രൊജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 13 | 3285200 | 10 | 1678621 | 51% |
| സേവനം | 51 | 16375293 | 19 | 5438294 | 33% |
| പശ്ചാത്തലം | 88 | 19841158 | 80 | 15363100 | 77.43% |
| മേഖലാ വിഭജനത്തിൽ പ്പെടാത്തത് | 7 | 4221008 | 7 | 3664857 | 86.82% |

# (1-8) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 13 | 2487060 |
| വാർദ്ധക്യകാല പെൻഷൻ | 253 | 6096300 |
| വിധവാ പെൻഷൻ | 39 | 3432360 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 59000 |
| തൊഴിൽ രഹിത വേതനം | 1 | 16080 |
| വികലാംഗ പെൻഷൻ | 19 | 2034450 |

# (1-9) തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3998812 | 2817610 | 1181202 | -30% |
| നികുതിയേതര വരവുകൾ | 177905 | 142773 | 35132 | -20% |
| മറ്റ് വരവുകൾ | 543261 | 596018 | 52757 | +9% |
| ആകെ | 4719978 | 3556401 | 1163577 | -25% |

# (1-10) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2016-ൽ 10.a.m ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 4249/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# (1-11) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26/10/2016 മുതൽ 27/10/2016വരെ | 08/2016,09/2016 | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/08/2008 മുതൽ 10/09/2008 വരെ | 1997-98മുതൽ 2007-08വരെ | 18/10/2008 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) രസീതുകളുടെ സൂക്ഷിപ്പ് - അപാകതകൾ

സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന മാന്വൽ രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി/നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം അവരിൽനിന്ന് തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. സാംഖ്യ രസീതുകളും മാന്വൽ രസീതുകളും ഉൾപ്പെടെ ക്യാൻസൽ ചെയ്ത രസീതുകളെല്ലാം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും ആയവ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## (2-2) റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 (ബി )പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലും, ഇ.എം.ഡി ഇനത്തിലും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്ന തുകകൾ മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യാതെ വരുമ്പോൾ അവ പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വർഷങ്ങളായി റീഫണ്ട് ചെയ്യാത്ത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | റീഫണ്ട് ചെയ്യാത്ത തുക |
|---|---|
| 2007-08 | 8450 |
| 2011-12 | 46013 |
| 2012-13 | 5000 |
| ആകെ | 59463 |

പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനമെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## (2-3) വസ്തുനികുതി പരിഷ്കരണ പുരോഗതി

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഡിജിറ്റലൈസേഷൻ പൂർണ്ണമായിട്ടില്ല. സഞ്ചയ ഓൺലൈൻ ഡേറ്റാ എൻട്രി നടത്തിയ 7775 കെട്ടിടങ്ങളിൽ 7630 എണ്ണം അംഗീകരിച്ചിട്ടുണ്ട്. ആയതിൽ 5909 എണ്ണത്തിന്റെ ഫോം 6 അപ്രൂവ് ചെയ്തിട്ടുണ്ട്. ഇതിൽ 5872 എണ്ണത്തിന്റെ ഫോം 6 സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത് സഞ്ചയയിൽ നിന്നും ഡിമാൻഡ് ജനറേറ്റ് ചെയ്തിട്ടുണ്ട്. ബാക്കി കെട്ടിടങ്ങളുടെ വിവരങ്ങൾ കൂടി പരിശോധിച്ച് ഡിജിറ്റൽ സൈൻ ചെയ്ത് സാംഖ്യ സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## (2-4) വിമുക്ത ഭടൻമാർക്കും ആശ്രിതർക്കും താമസിക്കുന്ന വീടിന്റെ നികുതി ഇളവ് -സർക്കാർ ഉത്തരവിന് വിരുദ്ധമായി അനർഹർക്കും ആനുകൂല്യം നൽകി

വിമുക്ത ഭടൻമാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ ജവാൻമാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഭവനത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച 02/07/2013 ലെ ജി.ഒ.(എം.എസ്) 242/2013/ത.സ്വ.ഭ.വ ഉത്തരവിൽ തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത ഒരു വീടിന് മാത്രമേ വസ്തു നികുതി ഇളവിന് അർഹതയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 2015-16 ൽ ഇളവ് അനുവദിച്ചത് മൂലം ആകെ 4241 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം | കെട്ടിട ഉടമയുടെ പേരും വിലാസവും | തറ വിസ്തീർണ്ണം (ചതുരശ്ര അടി) | വർദ്ധനവ്/ഇളവ് എന്നിവയ്ക്ക് ശേഷം നിർണ്ണയിച്ചിട്ടുള്ള നികുതി | |
|---|---|---|---|---|---|
| 1 | 4/19 | ശ്രീ. അനിൽകുമാർ എസ്. ശങ്കരമംഗലത്ത് എഴുമറ്റൂർ | 2252 | വസ്തു നികുതി | 1215 |
| | | | | ഗ്രന്ഥശാല വരി | 61 |
| | | | | സേവന നികുതി | 450 |
| | | | | ആകെ | **1726** |
| 2 | 9/185 | ശ്രീ. പി.എൻ. വിജയൻ പിള്ള പനമൂറിയിൽ തെള്ളിയൂർ | 2120 | വസ്തു നികുതി | 960 |
| | | | | ഗ്രന്ഥശാല വരി | 48 |
| | | | | സേവന നികുതി | 356 |
| | | | | ആകെ | **1364** |
| 3 | 4/319 | ശ്രീ. പി.എ. വർഗ്ഗീസ് ലിജി നിവാസ് വെള്ളയിൽ | 2918 | വസ്തു നികുതി | 810 |
| | | | | ഗ്രന്ഥശാല വരി | 41 |
| | | | | സേവന നികുതി | 300 |
| | | | | ആകെ | **1151** |

അർഹതയില്ലാത്തവർക്ക് ഇളവ് അനുവദിച്ചത് മൂലം ആകെ 4241 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് ( വസ്തു നികുതി -2985, ഗ്രന്ഥശാല വരി- 150, സേവന നികുതി-1106). അനുവദിച്ച നികുതി ഇളവ് റദ്ദാക്കി കെട്ടിട ഉടമകളിൽ നിന്നും വസ്തുനികുതി, ഗ്രന്ഥശാല വരി, സേവന നികുതി ഉവ ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഗ്രന്ഥശാല വരി യഥാസമയം ഒടുക്കുവരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## (2-5) വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ്- സർക്കാർ ഉത്തരവ് പൂർണ്ണമായി പാലിക്കുന്നില്ല.

വിമുക്തഭടൻമാർക്ക് വസ്തുനികുതി ഇളവ് സംബന്ധിച്ച 02-07-2013 ലെ ജി.ഒ.(എം.എസ്) 242/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ നികുതി ഇളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 10 ന് മുമ്പ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2015-16 വർഷം ഇളവ് അനുവദിച്ച 70 പേരിൽ 45 പേർ മാത്രമാണ് നിശ്ചിത തീയതിക്കുള്ളിൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 45 പേരുടെ പേരുവിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതിയുടെ വിവരം പൂർണ്ണമല്ല. വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും നിശ്ചിത തീയതിക്ക് ശേഷം അപേക്ഷ സമർപ്പിച്ച് ആനുകൂല്യം നേടിയവരുടെ നികുതി ഇളവ് റദ്ദാക്കി അവരിൽ നിന്നും വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നികുതി കാലഹരണപ്പെടുകയാണെങ്കിൽ, ലഭിക്കേണ്ടിയിരുന്ന നികുതി വരവ് നഷ്ടമായി കണക്കാക്കി ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## (2-6) മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശിക നിലനിൽക്കുന്നു

നിലവിൽ 14 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. ഇതിൽ 10 എണ്ണത്തിന്റെ വസ്തു നികുതി പരിഷ്കരിച്ച് നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം 2014-15 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2 ൽ ചേർത്തിട്ടുണ്ട്. നികുതി പുനർ നിർണ്ണയിക്കാനുള്ളവയുടെ നികുതി പരിഷ്കരിച്ച് എല്ലാ ടവറുകളുടെയും നികുതി ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# (2-7) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

(എ) വിവേകാനന്ദ വിദ്യാപീഠം, എഴുമറ്റൂർ എന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ 2014-15, 2015-16 വർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട്, ചട്ടം 13 -ൽ പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ. (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്ന് ഉറപ്പു വരുത്താൻകഴിയും. ആയതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്വാറി/ക്രഷർ യൂണിറ്റുകളിലെ ജോലിക്കാർ, പഞ്ചായത്തിലെ രജിസ്റ്റേർഡ് കരാറുകാർ തുടങ്ങിയവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല. തൻവർഷം 10-ഓളം കരാറുകാർ പഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) സ്ഥാപനങ്ങൾ

ഡി & ഒ ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ആയത് സമാപന യോഗത്തിൽ ചർച്ച ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാനും മേൽ സ്ഥാപനങ്ങളിൽ നിന്ന് കൃത്യമായ വരുമാനം രേഖപ്പെടുത്തി വാങ്ങാനും അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് പലിശസഹിതം ഈടാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# (2-8) ഡി ആന്റ് ഒ ലൈസൻസ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15റേഷൻകടകൾ നാളിതുവരെ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തിട്ടില്ല. പ്രസ്തുത വിവരം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ തടിയൂരിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പിന്റെ ലൈസൻസും പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല. പ്രസ്തുത പമ്പ് പഞ്ചായത്ത് പരിധിയിലല്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെക്രട്ടറി അറിയിച്ചുവെങ്കിലും നിജസ്ഥിതി അന്വേഷിച്ച് പ്രസ്തുത സ്ഥാപനം ഏതു പഞ്ചായത്തിൽ നിന്നാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്ന് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

രജിസ്റ്റർ പ്രകാരം 2015-16 ൽ 208 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 47അപേക്ഷകൾ മാത്രമാണ് മാർച്ച് മാസം വരെ ലഭിച്ചിരിക്കുന്നത്. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപേ സമർപ്പിക്കേണ്ടതാണ്. (1996-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്, ഡി&ഒ ലൈസൻസ് ചട്ടങ്ങൾ, ചട്ടം -10). ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നത് സമയപരിധി കഴിഞ്ഞിട്ടാണ്. ഇതിൽ നിന്നും 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പല സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. അപേക്ഷകളിൽ ജോലിക്കാരുടെ എണ്ണം, ദിവസവിറ്റുവരവ് ഇവ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ ആധാരമാക്കി നികുതി നിർണ്ണയിക്കുന്നത് വരുമാന നഷ്ടത്തിനിടയാക്കും എന്നതിനാൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾ നൽകാൻ നിർദ്ദേശിക്കേണ്ടതും അല്ലാത്തപക്ഷം പിഴപ്പലിശ ഈടാക്കേണ്ടതുമാണ്. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസിനോടൊപ്പം മോട്ടോർ ഫീസും ഈടാക്കേണ്ടതാണ്. ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി അവയിൽ നിന്നെല്ലാം ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഫീൽഡ് സ്റ്റാഫിനെ ചുമതലപ്പെടുത്തേണ്ടതാണ്.

# (2-9) പരസ്യ നികുതി പിരിക്കുന്നില്ല

`കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005-ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്ക് മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ വിവിധ റോഡരികുകളിലും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും ചെറുതും വലുതുമായ ധാരാളം പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികൾക്ക് വാടക നൽകിയാണ് പല ബോർഡുകളും സ്ഥാപിച്ചിരിക്കുന്നത്. പരസ്യ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകൾ , റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട

യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതീയിലും ട്രാഫിക് ഐലന്റ്, മീഡിയൻ,ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

## (2-10) ഗ്രാമപഞ്ചായത്ത് പരിധിയിൽ വളർത്തുന്ന നായ്ക്കൾക്ക് ലൈസൻസ് നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്തു പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമപഞ്ചായത്തിന് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. ചട്ടം 4 പ്രകാരം നായ്ക്കളുടെ ഉടമസ്ഥരിൽ നിന്നും 10 രൂപ ഫീസ് ഈടാക്കി നിശ്ചിത അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലൈസൻസ് അനുവദിക്കാവുന്നതാണ്. കൂടാതെ ഓരോ വർഷവും 10 രൂപ ഫീസ് ഈടാക്കി ലൈസൻസ് പുതുക്കി നൽകാവുന്നതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) താൽക്കാലിക പാർട്ട് ടൈം അറ്റൻഡർക്ക് സർക്കാർ ഉത്തരവിൽ അധികരിച്ച് വേതനം നൽകി- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയിലെ താൽക്കാലിക പാർട്ട് ടൈം അറ്റൻഡർ ശ്രീമതി ജീനാ ബെഹനാന് ദിവസ വേതനമായി 300 രൂപയാണ് നൽകി വരുന്നത്. 2015-16 വർഷം ടിയാളുടെ വേതനം ഇനത്തിൽ ആകെ 106800 രൂപ നൽകിയിട്ടുണ്ട്. 2015-16 വർഷം നൽകിയ വേതനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വേതനം നൽകിയ കാലയളവ് | തുക | ചെക്ക് നം, തീയതി |
|---|---|---|
| 03/2015 | 9000 | 000149/16.04.15 |
| 04/2015 | 8100 | 000186/06.05.15 |
| 05/2015 | 9300 | 260331/04.06.15(SBT) |
| 06/2015 | 9000 | 000221/03.07.15 |
| 07/2015 | 9300 | 000240/07.08.15 |
| 08/2015 | 8400 | 000257/10.09.15 |
| 09/2015 | 9000 | 000273/05.10.15 |
| 10/2015 | 9000 | 000302/09.11.15 |
| 11/2015 | 9000 | 000321/01.12.15 |
| 12/2015 | 9000 | 000366/07.01.16 |
| 01/2016 | 9000 | 000410/15.02.16 |
| 02/2016 | 8700 | 000425/05.03.16 |
| ആകെ | 106800 | |

2015-16വർഷം 106800/- രൂപ വേതനയിനത്തിൽ നൽകിയെങ്കിലും ദിവസ വേതനം സംബന്ധിച്ച സർക്കാർ ഉത്തരവ് നം ജി.ഒ.(പി)നം. 466/14

/ഫിൻ തീയതി 28-10-2014 പ്രകാരം 01-10-2014 മുതൽ ക്ലാസ്സ് IV ജീവനക്കാർക്ക് അനുവദിക്കാവുന്ന ദിവസവേതനം 350 രൂപയാണ്. ഫുൾ ടൈം ജോലി ചെയ്യുന്നവർക്ക് മാത്രമാണ് ഈ തുക ബാധകമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പാർട്ട് ടൈം അറ്റൻഡർക്ക് ഇതിന്റെ പകുതി നിരക്കായ 175 രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ. അധികം നൽകിയ 53400 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-14/16 തീയതി 29-11-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

താൽക്കാലിക പാർട്ട് ടൈം അറ്റൻഡർക്ക് പ്രതിദിനം 300 രൂപ വേതനം നൽകുന്നത് സംബന്ധിച്ച പഞ്ചായത്ത് കമ്മറ്റിയുടെ 09-04-2015 ലെ 2-ാം നമ്പർ തീരുമാനത്തിന് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് (06-01-2015 മുതലുള്ള ജനറൽ കമ്മറ്റി മിനിട്സ് ബുക്ക് പേജ് നം 191). സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് തള്ളി, വാളക്കുഴി എൻ.എച്ച്.എം ഡിസ്പെൻസറിയിലെ നിലവിലെ പാർട്ട് ടൈം അറ്റൻഡർക്ക് 300 രൂപ ദിവസ വേതനമായി നൽകുന്നതിന് യോഗത്തിൽ ഐകകണ്ഠേന തീരുമാനം എടുത്തിട്ടുണ്ട്. ആയതിനാൽ 2015-16 വർഷം അധികം നൽകിയ 53400 രൂപയുടെ നഷ്ടത്തിന് 09-04-15 ൽ കൂടിയ യോഗത്തിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ ഉത്തരവാദികളാണ്.

ശ്രീമതി ജീനാ ബഹനാൻ 16-4-2015 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ ടിയാൻ കൈപ്പറ്റുന്ന തുകയ്ക്ക് ഓഡിറ്റ് തടസ്സം ഉണ്ടായാൽ ആ തുക ഓഫീസിൽ തിരിച്ചടച്ചുകൊള്ളാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അധികമായി ചെലവഴിച്ച 53400/- രൂപ താൽക്കാലികമായി ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## (3-2) അനുവദനീയമായ പരിധിയിൽ അധികരിച്ച് പാലിയേറ്റീവ് കെയർ പദ്ധതിയിൽ തുക ചെലവഴിച്ചു- സർക്കാർ ഫണ്ടിന് നഷ്ടം

കേരളത്തിലെ പ്രാഥമിക പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ അടിസ്ഥാന നയം വീട്ടുകൾ കേന്ദ്രീകരിച്ചുള്ള പരിചരണമാണ്. ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീട്ടുകളിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോംകെയർ സംവിധാനം നടപ്പാക്കി വരുന്നത്. മരുന്ന്, നേഴ്സിംഗ് പരിചരണം മുതലായവ ലഭ്യമാക്കുന്നതിനോടൊപ്പം അവർക്ക് സാന്ത്വനപരിചരണം കൂടി നൽകി അവരെ മാനസികമായി ശക്തിപ്പെടുത്തുക എന്നത് കൂടി പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖ സൂചന ജി.ഒ.(എം.എസ്) 228/12/ ത.സ്വ.ഭ.വ തീയതി, 23.08.2012, ജി.ഒ.(ആർ.ടി)-3217/15, ത.സ്വ.ഭ.വ.തീയതി, 29.10.15എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2013-14 വർഷം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ മികവ് പരിഗണിച്ച് പത്തനംതിട്ട ജില്ലയിൽ ഒന്നാമതായി ജില്ലാപഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. എങ്കിലും ഓഡിറ്റ് വർഷം പദ്ധതികൾക്കുവേണ്ടി പണം ചെലവഴിച്ചതിൽ അധികൃതർ വേണ്ടത്ര ജാഗ്രത കാണിക്കാതിരുന്നതിനാൽ പലയിനങ്ങളിലും പദ്ധതി മാർഗരേഖയിൽ അധികരിച്ച് ചെലവ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S011/16, പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 497600 (വികസനഫണ്ട്-പൊതു വിഭാഗം)<br>100908 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 497600 (വികസനഫണ്ട്-പൊതു വിഭാഗം)<br>100908 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് പാലിയേറ്റീവ് പരിചരണ മാർഗരേഖയിൽ ( ജി.ഒ.(ആർ.ടി.) 3217/2015 ത.സ്വ.ഭ.വ. തീയതി 29.10.2015) അനുവദിച്ച പരിധിയിൽ അധികരിച്ച് പാലിയേറ്റീവ് ദിനാഘോഷം, വാഹന വാടക, ഭക്ഷണം, പി.എം.സി.മീറ്റിംഗ് എന്നീ ഇനങ്ങളിലായി അധികം തുക ചെലവഴിച്ചിട്ടുണ്ട്.. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വികസനഫണ്ട് ചെലവ് വിവരം

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | പാലിയേറ്റീവ് കെയർ നേഴ്സിന്റെ ഹോണറേറിയം | 120000 |
| 2 | ഹോം കെയർ വാഹന വാടക | 172800 |
| 3 | ഹോം കെയർ ടീമിന് ഭക്ഷണം | 43200 |
| 4 | പാലിയേറ്റീവ് കെയർ നേഴ്സിന്റെ ഫോൺ ചാർജ് | 3600 |
| 5 | മരുന്ന് | 120000 |

| | | |
|---|---|---|
| 6 | പി.എം.സി. മീറ്റിംഗ്- ഭക്ഷണചെലവ് | 3000 |
| 7 | പാലിയേറ്റീവ് ദിനാഘോഷം (2 എണ്ണം) | 35000 |
| | ആകെ | 497600 |

പാലിയേറ്റീവ് പരിചരണ മാർഗരേഖ പാലിക്കാതെ അനുവദനീയമായതിൽ കൂടുതൽ തുക ചെലവഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

1. 29-02-2016തീയതിയിൽ നടന്ന പാലിയേറ്റീവ് ദിനാഘോഷത്തിനായി ചുവടെ ചേർക്കും പ്രകാരം ആകെ 30255 രൂപ (ട്രഷറി ബിൽ നം- 10/15-16 തീയതി 30-03-2016) ചെലവഴിച്ചിട്ടുണ്ട്.

2.

| | |
|---|---|
| പ്രിന്റിംഗ് ചെലവുകൾ | |
| ബാനർ | 1500 |
| നോട്ടീസ് | 5000 |
| ഫ്ലെക്സ് | 1300 |
| ഫോട്ടോ | 2200 |
| പാലിയേറ്റീവ് ദിനാഘോഷം | |
| ഭക്ഷണ ചെലവ് (ഉച്ച ഭക്ഷണം100 പേർക്ക് 60 രൂപ നിരക്കിൽ) | 6000 |
| ഭക്ഷണ ചെലവ് ( ചായ, ലഘു ഭക്ഷണം) | 2400 |
| പന്തൽ | 8000 |
| മൈക്ക് വാടക | 1500 |
| സ്റ്റേഷനറി | 1610 |
| വാഹന വാടക | 245 |
| ഓണറേറിയം | 500 |
| ആകെ | 30255 |

പാലിയേറ്റീവ് പരിചരണ മാർഗരേഖ ( ജി.ഒ.(ആർ.ടി.) 3217/2015 ത.സ്വ.ഭ.വ. തീയതി 29.10.2015) ഖണ്ഡിക 2.6.13 പ്രകാരം ബോധവത്ക്കരണ പരിപാടികൾക്ക് പങ്കെടുക്കുന്ന ഓരോരുത്തർക്കും ഭക്ഷണ ചെലവിലേക്കായി പരമാവധി 60 രൂപ വീതവും വാർഷിക സംഗമ നടത്തിപ്പിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000 രൂപയും മാത്രമാണ് ചെലവഴിക്കാവുന്നത്. ആയത് പ്രകാരം ഭക്ഷണ ചെലവിലേക്കായി 6000 രൂപയും മറ്റ് ചെലവുകൾക്കായി 3000 രൂപയും ഉൾപ്പെടെ ആകെ 9000 രൂപയുടെ ചെലവ് മാത്രമാണ് ഓഡിറ്റിൽ അംഗീകരിക്കുവാൻ കഴിയുന്നത്. അധികമായി ചെലവഴിച്ച 21255 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

2. മാർഗരേഖ ഖണ്ഡിക 2.6.4 പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ നൽകാവുന്ന പരമാവധി പ്രതിദിന വാടക 1100 രൂപ മാത്രമാണ്. എന്നാൽ നൽകിയിരിക്കുന്ന പ്രതിദിന വാഹന വാടക 1200 രൂപ വീതമാണ്. 1.11.2015 മുതൽ 31.03.2016 വരെ ഈയിനത്തിൽ അധികം നൽകിയ 6000 രൂപയുടെ ചെലവ് (പ്രതിമാസം 12 ഹോം കെയർ ദിനം വീതം 5 മാസം ആകെ 60 ദിവസത്തേക്ക്) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3. മാർഗരേഖ ഖണ്ഡിക 2.6.3 പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് ചെലവഴിക്കാവുന്ന പരമാവധി ഭക്ഷണ ചെലവ് 180 രൂപ മാത്രമാണ് (പരമാവധി 3 പേർക്ക് 60 രൂപ വീതം). എന്നാൽ ഈയിനത്തിലെ പ്രതിദിന ചെലവ് 300 രൂപയാണ്. 1.11.2015 മുതൽ 31.03.2016 വരെ ഈയിനത്തിൽ അധികം നൽകിയ 7200 രൂപയുടെ ചെലവ് ( പ്രതിമാസം 12 ഹോം കെയർ ദിനം വീതം 5 മാസംആകെ 60 ദിവസത്തേക്ക്) ഓഡറ്റിൽ അംഗീകരിക്കുന്നില്ല.

(ക്രമ നം 2,3, എന്നിവയ്ക്ക് തുക പിൻവലിച്ചതിന്റെ ട്രഷറി ബിൽ നം, തീയതി, ആകെ ബിൽ തുക എന്നിവ ചുവടെ ചേർക്കുന്നു.

| ബിൽ നം | തീയതി | ആകെ ബിൽ തുക |
|---|---|---|
| 7/15-16 | 30-01-16 | 84900 |
| 9/15-16 | 30-03-16 | 28300 |
| 10/15-16 | 30-03-16 | 179055 |
| 11/15-16 | 30-03-16 | 29800 |

4. പി.എം.സി. മീറ്റിംഗുകൾക്ക് ഭക്ഷണം വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുമതിയില്ല. ആയതിനാൽ ഈയിനത്തിലുള്ള 3000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ബിൽ നം | തീയതി | ആകെ ബിൽ തുക |
|---|---|---|
| 4/15-16 | 14-09-15 | 28800 |
| 6/15-16 | 30-03-16 | 33545 |
| 10/15-16 | 30-03-16 | 179055 |
| 11/15-16 | 30-03-16 | 29800 |

മേൽ നാലിനങ്ങളിലായുള്ള 37455 രൂപയുടെ നഷ്ടം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലടവാക്കേണ്ടതാണ്.

പാലിയേറ്റിവ് പരിചരണ പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 100000 രൂപ ചെലവഴിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 31.03.2016 നകം ആയത് ചെലവഴിച്ചിട്ടില്ലാത്തതിനാൽ ടി തുക ബ്ലോക്ക് പഞ്ചായത്തിൽ തിരിച്ചടക്കേണ്ടിയിരുന്നു. ഇപ്രകാരം ചെയ്തിട്ടില്ലാത്തതിനാൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. പി.എം.സി,യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നില്ല

3. പി.ഐ.സി. രൂപീകരിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

പ്രോജക്ടുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട താഴെപറയുന്ന രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

- പി.ഐ.സി. ഹാജർ, മിനിട്ട്സ്
- പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ട്
- ഹോംകെയർ പ്ലാനിംഗ് രജിസ്റ്റർ
- റിവ്യൂ രജിസ്റ്റർ
- ഇവന്റസ് ഡയറി
- വരവ്, ചെലവ് കണക്കു പുസ്തകം
- ഫിസിയോ തെറാപ്പിസ്റ്റിന്റെ റിപ്പോർട്ട്
- തദ്ദേശഭരണ സ്ഥാപനതല അവലോകന യോഗ ഹാജർ
- റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്ക്

PMC, PIC എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി പ്രോജക്ട് മോണിട്ടറിംഗ് ശക്തമാക്കേണ്ടതും, ആവശ്യമായ രേഖകളും രജിസ്റ്ററുകളും പരിപാലിക്കേണ്ടതുമാണ്.

## (3-3) സ്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | S0107/16- സ്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ- എസ്.സി.പി. |
| അടങ്കൽ | 112000 (വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് | 112000 |
| ബിൽ നം, തീയതി,<br><br>ആകെ ബിൽ തുക | 845/15-16, 21-03-16,<br><br>200000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു

മേൽ പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് 4000 രൂപ വിലയുള്ള 28 എണ്ണം ടേബിൾ വിത്ത് ചെയർ (36"X13"X28" ) സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ 24 എണ്ണം മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 9/16 തീയതി 29-11-16) മറുപടിയായി 4 എണ്ണം വീതം മേശയും കസേരയും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇവ പഞ്ചായത്തിൽ ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കസേര വളരെ ഗുണനിലവാരം ഇല്ലാത്തവയാണ്. കസേരകളുടെ കാലുകൾ അകത്തേക്ക് വളഞ്ഞ് ഉപയോഗശൂന്യമായ അവസ്ഥയിലാണ്.

സ്കൂൾകുട്ടികൾക്ക് വേണ്ടി വാങ്ങിയ പഠനോപകരണം കോളേജ് വിദ്യാർത്ഥിക്ക് വിതരണം ചെയ്തു

സ്കൂൾകുട്ടികൾക്ക് വിതരണം ചെയ്യാൻ വാങ്ങിയ ഉപകരണങ്ങൾ കൈപ്പറ്റിയ ഒരാളായ ശ്രീ. രാഗിൻ രാജ്, സൺ ഓഫ് രാജൻ എം.കെ., മലമ്പുറത്ത്, വാളക്കുഴി പി.ഒ. എന്നയാൾ പത്തനംതിട്ട ചുട്ടിപ്പാറ എം.ജി.യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് കൊമേഴ്സ് എന്ന സ്ഥാപനത്തിലെ ഒന്നാം വർഷ ബി.കോം. വിദ്യാർത്ഥിയാണെന്ന് അപേക്ഷയോടൊപ്പം ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ നിന്നും വ്യക്തമാണ്. സ്കൂൾ അധികൃതർ നൽകുന്ന ലിസ്റ്റിൽ നിന്ന വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതെന്നും, സ്കൂൾ അധികൃതർ മുഖേനയായിരിക്കണം ഉപകരണങ്ങൾ വിതരണം നടത്തേണ്ടതെന്നും 16.11.2013-ലെ ജി.ഒ.(എം.എസ്. ) 362/13/ത.സ്വ.ഭ.വ. നമ്പർ മാർഗ്ഗരേഖയിലെ അനുബന്ധം -16, ഖണ്ഡിക 6-8 – 3 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 09/16 തീയതി 29-11-16) ലഭിച്ച മറുപടി തൃപ്തികരമല്ല. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 4 ഉപകരണങ്ങളുടെയും കോളേജ് വിദ്യാർത്ഥിക്ക് വിതരണം ചെയ്ത ഒരു ഉപകരണത്തിന്റെയും വിലയായ 20000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലടവാക്കേണ്ടതാണ്. വാങ്ങിയ സാധനങ്ങൾ ഗുണനിലവാരം ഇല്ലാത്തവയായതിനാൽ നിരാകരിച്ച തുക കഴിച്ചുള്ള 92000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# (3-4) വാട്ടർ കണക്ഷൻ എടുത്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താവിന് സബ്സിഡി നൽകി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0108/16- പട്ടികജാതി കുടുംബങ്ങൾക്ക് വ്യക്തിഗത വാട്ടർകണക്ഷൻ |
| അടങ്കൽ | 60000 (വികസനഫണ്ട്-എസ്.സി.പി) |
| ചെലവ് | 6000 |
| ബിൽ നം, തീയതി,<br><br>ആകെ ബിൽ തുക | 913/15-16, 31-03-16,<br><br>6000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രോജക്റ്റ് പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നും കണക്ഷൻ എടുത്തതിനുള്ള സബ്സിഡിയായി 6000 രൂപ ശ്രീമതി വിജയമ്മ. റ്റി.എൻ. വിശാഖ് ഭവൻ, വാളക്കുഴി എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ട് (ഡി.ഡി. നം 423801 തീയതി 06-04-2016). എന്നാൽ ടിയാൾക്ക് വാട്ടർകണക്ഷൻ ലഭിച്ചതിന്റെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- 12-ാം പഞ്ചവത്സര പദ്ധതി സബ് സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച 16-11-2013 ലെ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. നമ്പർ മാർഗ്ഗരേഖ പ്രകാരം കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കേ സബ്സിഡി തുക നൽകാൻ വ്യവസ്ഥയുള്ളൂ. ടിയാൻ വാട്ടർകണക്ഷൻ എടുക്കുന്നതിനു വേണ്ടി വാട്ടർ അതോറിറ്റിയിൽ 560 രൂപ 29.03.2016 ൽ ഒടുക്കിയതിന്റെ രസീത് പകർപ്പാണ് ഫയലിലുള്ളത്. ഇതിൽ നിന്നും വാട്ടർ കണക്ഷൻ ലഭിച്ചതിന് ശേഷം മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത് എന്ന് പറയാനാകില്ല. വാട്ടർകണക്ഷൻ ലഭിച്ചതിന്റെ സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ 6000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# (3-5) സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക ഡിമാന്റ് ഡ്രാഫ്റ്റ് ആയി നൽകുന്നു

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക സബ്സിഡി പണമായി നൽകുന്ന സംഗതികളിൽ സബ്സിഡി മാർഗരേഖയും സർക്കാർ ഉത്തരവുകളും പാലിക്കുന്നില്ല. ഗുണഭോക്താവ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ പ്രത്യേകം പറയാത്ത സംഗതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ തന്നെയാണ് അടയ്ക്കേണ്ടതെന്ന് 16-11-2013 ലെ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 2.8 ൽ പറഞ്ഞിട്ടുണ്ട്. ഇതിനു വിരുദ്ധമായി ഗുണഭോക്താക്കൾക്ക് ബാങ്ക് ഡി.ഡി. നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇതൊഴിവാക്കി സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# (3-6) പ്ലാസ്റ്റിക് കസേരകൾ വാങ്ങിയതിന് ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം ക്വട്ടേഷൻ/ടെൻഡർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. ജി.ഓ(ആർ.ടി)26/2015/SPD/28.5.15-പ്രകാരം ടെൻഡർ നടപടികൾ മുഖേനയല്ലാതെ തടി ഫർണിച്ചറുകൾ, സ്റ്റീൽ ഫർണിച്ചറുകൾ എന്നിവ സിഡ്കോയിൽ നിന്ന് വാങ്ങാവുന്നതിന്റെ വിശദാംശങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്ലാസ്റ്റിക് കസേരകൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്ലാസ്റ്റിക് കസേരകൾ ക്വട്ടേഷൻ/ടെൻഡർ നടപടികളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂ. വിവിധ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ കസേരകളുടെ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ടുകളുടെ വിവരം | പ്ലാസ്റ്റിക് കസേരകളുടെ എണ്ണം | നിരക്ക്, തുക | വൗച്ചർ നമ്പർ, തീയതി, തുക |
|---|---|---|---|
| SO.124/16- സേവാഗ്രാം- ഗ്രാമകേന്ദ്രത്തിന് അടിസ്ഥാനസൗകര്യം ഒരുക്കൽ | 350 | @470+വാറ്റ് 14.5%<br>=538.15x350<br>=188352.50 | 271/13.8.15- രൂ.258350 |
| SO.118/16- ഗ്രാമപഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങൽ | 100 | @470+വാറ്റ് 14.5%<br>=538.15x100<br>=53815 | 269/13.8.15-<br>രൂ.300000 |
| SO.122/16- ഗവ.ഹോമിയോ ആശുപത്രിയ്ക്ക് ഫർണിച്ചർ, മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ | 5 | @470+വാറ്റ് 14.5%<br>=538.15x5<br>=2690.75 | 270/13.8.15- രൂ.45000 |
| ആകെ | | 2,44,858 | |

ക്വട്ടേഷൻ/ടെൻഡർ നടപടികൾ കൂടാതെ കസേരകൾ വാങ്ങിയത് ക്രമപ്രകാരമല്ല. മാത്രവുമല്ല സാധനങ്ങൾ വാങ്ങിയതിൻറെ നടപടികൾ സ്വീകരിച്ചതും സപ്ലൈ ഓർഡർ നൽകിയതും 20.4.2015- ലാണ്. ആയതിനാൽ അക്കാലയളവിലെ സെക്രട്ടറി ശ്രീ. നെൽസൺ ആണ് പ്രസ്തുത പർച്ചേസിന് ഉത്തരവാദി. 9.4.2015-ലെ II (2), (3) (4) കമ്മറ്റി തീരുമാനപ്രകാരമാണ് ഓർഡർ നൽകുന്നതെന്ന് സപ്ലൈ ഓർഡറിൽ എഴുതിയിട്ടുണ്ട്. എന്നാൽ 9.4.2015- ൽ ഇങ്ങനെയൊരു തീരുമാനമില്ല. ആയതിനാൽ ചെലവ് നിരാകരിക്കുന്നു.

കൂടാതെ ഹോമിയോ ആശുപത്രി, സേവാഗ്രാം എന്നിവയ്ക്ക വേണ്ടി വാങ്ങിയ ഉപകരണങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതായി യാതൊരു രേഖകളുമില്ല. സാധനങ്ങൾ കൈമാറിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# (3-7) പൊതുജനങ്ങൾക്ക് വിശ്രമകേന്ദ്രം-

## പ്രയോജനപ്രദമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | S.146/16- ഗ്രാമപഞ്ചായത്ത് ഓഫീസിൽ പൊതുജനങ്ങൾക്ക് വിശ്രമകേന്ദ്രം |
| അടങ്കൽ തുക | രൂ.350000 (തനതുഫണ്ട്-50000, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം-300000) |
| കോൺട്രാക്ടർ | എം.കെ.ചന്ദ്രബോസ്, മേമലമണ്ണിൽ (0.01% കുറവ്) |
| ചെലവ് വിവരം | 1.ചെക്ക് നം.108541/18.12.15- രൂ.300000<br><br>2.ചെക്ക് നം.108540/18.12.15- രൂ.14775 |

ഗ്രാമപഞ്ചായത്ത് ഓഫീസിൽ പൊതുജനങ്ങൾക്ക് വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പ്രസ്തുത പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുകൾ നിലയിൽ ഒരു മുറി നിർമ്മിച്ചിട്ടുണ്ട്. മുറിയിലേക്ക് കയറുന്നതിന് സ്റ്റെയർകേസും നിർമ്മിച്ചു. എന്നാൽ ഈ മുറി പൊതുജനങ്ങൾക്ക് യാതൊരു രീതിയിലും പ്രയോജനപ്രദമല്ല. നാളിതുവരെ ഇത് പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടില്ല. ഇപ്പോൾ ഈ മുറി, കരിയില വീണ് വൃത്തിഹീനമായ അവസ്ഥയിലാണ്. പൊതുജനങ്ങൾക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യം താഴത്തെ നിലയിൽ തന്നെ ഒരുക്കേണ്ടതിനു പകരം മുകൾ നിലയിൽ ഒരുക്കിയതു തന്നെ ശരിയല്ല. പ്രായമായവരും സ്ത്രീകളും ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് വിശ്രമകേന്ദ്രം ആവശ്യമെങ്കിൽ ആയത് ഒരുക്കേണ്ടത് ഫ്രണ്ട് ഓഫീസിനോടു ചേർന്നുള്ള ഭാഗത്തായിരുന്നു. പ്രസ്തുത മുറിയിൽ കറന്റ് കണക്ഷനുമില്ല. കാറ്റും വെളിച്ചവും ലഭിക്കാനാവശ്യമായ സൗകര്യം ഉൾപ്പെടുത്താതെയുള്ള എസ്റ്റിമേറ്റു തന്നെ പദ്ധതിലക്ഷ്യത്തിന് വിരുദ്ധമാണ്. പഞ്ചായത്ത് ഓഫീസിന്റെ മുകൾ നിലയിൽ നേരത്തേ തന്നെ വിശാലമായ ഒരു ഭാഗം ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. അവിടെ ഒടിഞ്ഞ കസേരകളും പഴയ സാധനങ്ങളും വലിച്ചു വാരി ഇട്ടിരിക്കുന്ന നിലയിലാണ്. പൊതുജനങ്ങൾക്ക് വിശ്രമിക്കാനായി ഈ ഭാഗം ഒരുക്കി എടുത്തിരുന്നെങ്കിൽ പദ്ധതിപ്പണം ലാഭിക്കാമായിരുന്നു. ആയത് ചെയ്യാതെ പുതിയ മുറി നിർമ്മിച്ചത് പദ്ധതിപ്പണം ചെലവഴിക്കാൻ വേണ്ടി മാത്രമായിരുന്നു എന്ന് വ്യക്തമാണ്. ഈ വിഷയത്തിൽ വിശദീകരണം നൽകേണ്ടതാണ്. പ്രസ്തുത മുറി ഉപയോഗപ്രദമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# (3-8) മലേക്കീഴ് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായിട്ടില്ല.

12-ാം വാർഡിലെ കാരമലയിൽ നിന്നും വട്ടരി- മലേക്കീഴ് കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനു വേണ്ടി 2010-11 ൽ 31 ലക്ഷം അടങ്കൽ വകയിരുത്തി അംഗീകാരം വാങ്ങിയ പദ്ധതിയ്ക്ക് വേണ്ടി 2015-16 വരെ ആകെ 63.94 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം 2014-15 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്. പട്ടികജാതി കോളനിയിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# (3-9) ഗ്രാമലക്ഷ്മിയിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ വിതരണ വിവരം ലഭ്യമല്ല.

ഗ്രാമലക്ഷ്മിയിൽ നിന്നും 2015-16 സാമ്പത്തിക വർഷം രജിസ്റ്ററുകളും ഫോറങ്ങളും വാങ്ങുന്നതിലേക്ക് 53928 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് (ഡി.ഡി. നം 196097 തീയതി 06.06.15) പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കൈമാറിയിട്ടുണ്ട്. 09-06-2015 ലെ 320 നം ഇൻവോയ്സ് പ്രകാരം ആകെ 48202 രൂപയുടെ സാധനങ്ങളുടെ ബിൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം ലഭ്യമല്ല. 5726/- രൂപയുടെ ബിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 53928 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# (3-10) വിനിയോഗ രേഖയുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.6.2015-ലെ സ.ഉ(സാധാ.) 188/2015-ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി ഓരോ പെർഫോമൻസ് യൂണിറ്റിന്റെയും പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ എല്ലാ വർഷവും 10000/- രൂപ തനത് ഫണ്ടിൽ നിന്നും നീക്കിവെയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉതിവവ്യസ്ഥതമായി ഗ്രാമപഞ്ചായത്തിൽ നിന്നും 10000/- രൂപ 18-11-2015 ലെ 000306 നം ചെക്ക് പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന ഉത്തരവിലെ നിബന്ധന പാലിച്ചിട്ടില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് വരെ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

# (3-11) എസ്.എസ്.എ പദ്ധതിയ്ക്ക് വർഷാവർഷം തുക നൽകുന്നതിൽ മാത്രം പരിമിതപ്പെടുന്നു

6 മുതൽ 14 വയസ്സിനിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. എസ്.എസ്.എ-യുടെ ജില്ലാ പ്രൊജക്ട് ഓഫീസർ തയ്യാറാക്കുന്ന വാർഷിക ബഡ്ജറ്റിൽ നിന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായ 35 ശതമാനം തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 100000/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.1/15-16/13.10.15) നിർബന്ധിത പദ്ധതി എന്ന നിലയിൽ എല്ലാ വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നു എന്നതു മാത്രമായി പഞ്ചായത്തിന്റെ ചുമതല പരിമിതപ്പെടുന്നു. വ്യക്തമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കാതെയാണ് തുക ചെലവഴിക്കുന്നത്. പഞ്ചായത്ത് ഭരണസമിതിയോ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയോ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നില്ല.

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (ഏതെല്ലാം ഘടകങ്ങൾക്കാണ് തുക വിനിയോഗിച്ചത്) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച ഒരു ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

## (3-12) സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി നൽകി

- തൻ വർഷം കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ലാത്ത രണ്ട് ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം- S0016/16- ജലസേചനത്തിന് പമ്പ് സെറ്റ് നൽകൽ

| | |
|---|---|
| അടങ്കൽ തുക | 40000(വികസന ഫണ്ട്)<br>40000(ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 40000(വികസന ഫണ്ട്) |
| ബിൽ നം, തീയതി, ആകെ ബിൽ തുക | 2/15-15, 21-01-16<br>40000 |

മേൽ പ്രോജക്ട് പ്രകാരം പമ്പ് സെറ്റ് വാങ്ങിയതിന്റെ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് 5000 രൂപ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. സബ്സിഡി കൈപ്പറ്റിയ ശ്രീ.കൊച്ചുകുഞ്ഞ് രാഘവൻ, ആല്പമൂട്ടിൽ, തെള്ളിയൂർ പി.ഒ. എന്ന വ്യക്തി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല (എസ്.ബി.റ്റി. വെണ്ണിക്കുളം അക്കൗണ്ട് നം 67211236699).

2) പ്രോജക്ട് നം- S0018/16- കാട്ടുവെട്ട് യന്ത്രത്തിന് സബ്സിഡി

| | |
|---|---|
| അടങ്കൽ തുക | 15000(വികസന ഫണ്ട്)<br>15000(ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 15000(വികസന ഫണ്ട്) |
| ബിൽ നം, തീയതി, ആകെ ബിൽ തുക | 1/15-15, 21-01-16<br>15000 |

മേൽ പ്രോജക്ട് പ്രകാരം കാട്ടുവെട്ട് യന്ത്രം വാങ്ങിയതിന്റെ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് 5000 രൂപ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. സബ്സിഡി കൈപ്പറ്റിയ ശ്രീ.രാധാകൃഷ്ണൻ നായർ, തേവലക്കുളത്ത്, തെള്ളിയൂർ, എന്ന വ്യക്തി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല (എസ്.ബി.റ്റി. തടിയൂർ അക്കൗണ്ട് നം 57057344636).

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് സബ്സിഡിയായി നൽകിയ 10000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-11/16 തീയതി 29-11-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് (എ.ബി.) വകുപ്പിന്റെ 08-12-14 ലെ . 4212/എ.ബി.1/14/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ ഭരണ സമിതി അംഗീകരിച്ചി കൈമാറുന്ന ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് സബ്സിഡിയായി നൽകിയ 10000 രൂപയുടെ നഷ്ടം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലടവാക്കേണ്ടതാണ്.

കൂടാതെ പ്രോജക്ട് നം S0016/16 ന് 40000 രൂപ ബിൽ നം 2/15-16 തീയതി 21.01.16 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ 7 ഗുണഭോക്താക്കൾക്കായി ആകെ 35000 രൂപ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 5000 രൂപ തിരികെ ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത 5000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## (3-13) വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ- സബ്സിഡി മാർഗരേഖയനുസരിച്ചുള്ള കരാർ ചമയ്ക്കുന്നില്ല

പ്രോജക്ട് നം S025/16 കറവ പശു വളർത്തൽ- വനിത, എന്ന പദ്ധതിക്കായി 11 ഗുണഭോക്താക്കൾക്ക് 15000 രൂപ സബ്സിഡി നൽകുന്നതിന് ആകെ 165000 രൂപയും പ്രോജക്ട് നം S023/16 ആട്ടുവളർത്തൽ-വനിത എന്ന പദ്ധതിക്കായി 22 ഗുണഭോക്തക്കൾക്ക് 6000 രൂപ സബ്സിഡി നൽകുന്നതിന് ആകെ 132000 രൂപയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം ഉരുക്കളെ കുറഞ്ഞത് 3 വർഷം വളർത്തണമെന്ന് കരാർ വയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഫയലുകളിൽ ഗുണഭോക്താക്കളുടെ പേരിൽ വാങ്ങിയ മുദ്രപത്രങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ കരാർ വ്യവസ്ഥകൾ എഴുതി ചേർത്ത് ഗുണഭോക്താവും നിർവ്വഹണ ഉദ്യോഗസ്ഥനും ഒപ്പു വച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# (3-14) മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

പൊതുമരാമത്ത് വകുപ്പിന്റെ(H) 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD ഡേറ്റാ (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം മരാമത്തു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) അടിസ്ഥാന നിരക്ക് 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്). പി.ഡബ്ല്യ.ഡി ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.1.2015 മുതൽ ബാധകമായ കോസ്റ്റ് ഇന്റക്സ് 40.95% ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3 ആണ്.(4753.29X1.4095). 1.8.15 മുതൽ കോസ്റ്റ് ഇന്റക്സ് 45.71%-ഉം ആണ്.(നൽകാവുന്ന നിരക്ക് 6926.02/m3). എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിന്റെ നിരക്കിനു പകരം, തറ കോൺക്രീറ്റ് ചെയ്ത് നിരപ്പാക്കുന്നതിന്റെ നിരക്കാണ് നൽകിയിരിക്കുന്നത് എന്നു കാണുന്നു.(Flooring; DSR Code: 11.7). അതായത്, ആദ്യ എസ്റ്റിമേറ്റുകളിൽ 7058.80/m3 എന്ന നിരക്കും 1.8.15മുതൽ 7297.16/m3 എന്ന നിരക്കുമാണ് അനുവദിച്ചു നൽകിയത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അനുവദിക്കാവുന്ന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta, @40.95% | | | | | 1946.47 |
| Total | | | | | 6699.76 |
| @45.71% Total | | | | | 6926.02 |

വിവിധ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര്/ അടങ്കൽ തുക/ ഫണ്ട് | കൺവീനർ/എം.ബുക്ക് നം./ ബിൽ നം. തീയതി,തുക | കോൺക്രീറ്റിംഗിന്റെ അളവ്, അനുവദിച്ച നിരക്ക്, തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | S.166/16- മേത്താനം കരങ്ങും പൊയ്കയിൽ ചാലാപ്പള്ളി റോഡ് | സുകു.കെ.തോമസ്, കന്യായമണ്ണിൽ. | 10.18m3 @7297.16/m3 | @6926.02/m3 = 70506.88 | 3778 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്.<br><br>രൂ.200000 (വികസനഫണ്ട്) | എം.ബുക്ക് നം.64/15-16<br><br>ബിൽ നം.71/15-16/ 30.3.16 -രൂ.199117 | = 74285.09 | | |
| 2 | S.87/16- കിളിയൻകാവ് വേങ്ങഴത്തടം നടപ്പാത കോൺക്രീറ്റിംഗ്.<br><br>രൂ.100000 (തനതുഫണ്ട്) | പ്രതീഷ്,<br><br>പ്രതീഷ് ഭവൻ.<br><br>എം.ബുക്ക് നം.5/15-16<br><br>ചെക്ക് നം.108525/ 1.10.15- രൂ.99639 | 5.25m3<br><br>@7058.78/m3<br><br>= 37058.59 | @6699.76/m3<br><br>= 35173.74 | 1885 |
| 3 | S.85/16- പ്ലാവറ ഞാറക്കാട് റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.434308 (ലോകബാങ്ക് സഹായം) | ജയകുമാർ.കെ.ആർ,<br><br>കുരുവിക്കാട്ടിൽ.<br><br>എം.ബുക്ക് നം.6/15-16<br><br>ബിൽ നം.6/15-16/ 25.9.15- രൂ.434308 | 22.88m3<br><br>@7058.78/m3<br><br>= 161504.88 | @6699.76/m3<br><br>=153290.51 | 8214 |
| 4 | S.83/16- കട്ടോലിപ്പാറ ഹരിജൻകോളനി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.200000 (തനതുഫണ്ട്) | കുര്യൻ.സി.കുര്യൻ,<br><br>ചെത്തിപ്പുരയ്ക്കൽ.<br><br>എം.ബുക്ക് നം.21/15-16<br><br>ചെക്ക് നം.108539/ 17.12.15- രൂ.199279 | 10.5m3<br><br>@7058.78/m3<br><br>= 74117.19 | @6699.76/m3<br><br>=70347.48 | 3770 |
| 5 | S.82/16- അയ്യപ്പൻ കോവിൽ പടി മരുങ്ങർ പടി ശാന്തിപുരം റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.333973 (ലോകബാങ്ക് സഹായം) | ജോൺ സ്കറിയ,<br><br>പടലുമാങ്കൽ.<br><br>എം.ബുക്ക് നം.2/15-16<br><br>ബിൽ നം.11/15-16/ 25.9.15- രൂ.333973 | 17.55m3<br><br>@7058.78/m3<br><br>= 123881.59 | @6699.76/m3<br><br>= 117580.79 | 6301 |
| 6 | S.81/16- പാറപൊട്ടാനി കീച്ചേരിപടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.105000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | എബ്രഹാം,<br><br>കീച്ചേരിൽ.<br><br>എം.ബുക്ക് നം.34/15-16<br><br>ബിൽ നം.54/15-16/ 26.3.16- രൂ.104402 | 5.5m3<br><br>@7058.78/m3<br><br>= 38823.29 | @6699.76/m3<br><br>= 36848.68 | 1975 |
| 7 | S.79/16- കാരമല ഉന്നത്താനി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.130000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ബിനു.റ്റി.ശാമുവേൽ,<br><br>തൊട്ടിയിൽ.<br><br>എം.ബുക്ക് നം.35/15-16<br><br>ബിൽ നം.55/15-16/ 26.3.16- രൂ.128129 | 6.75m3<br><br>@7058.78/m3<br><br>= 47646.77 | @6699.76/m3<br><br>= 45223.38 | 2423 |
| 8. | S.183/16- പാറക്കടവ് തെള്ളിയൂർകാവ് കാണിക്കമണ്ഡപം റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.50283 (വികസനഫണ്ട്) | ശശീന്ദ്രൻ നായർ,<br><br>പുത്തേടത്ത്.<br><br>എം.ബുക്ക് നം.63/15-16<br><br>ബിൽ നം.61/15-16/ 26.3.16- രൂ.50283 | 7.8m3<br><br>@7297.16/m3<br><br>= 56917.85 | @6926.02/m3<br><br>= 54022.96 | 2895 |

| | | | | | |
|---|---|---|---|---|---|
| | രൂ.100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br><br>രൂ.8651 (ലോകബാങ്ക് സഹായം) | ബിൽ നം.62/26.3.16- രൂ.8651<br><br>ബിൽ നം.73/30.3.16- രൂ.98717 | | | |
| 9 | S.177/16- ആശ്രമം താന്നിക്കൽ റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.120000 (വികസനഫണ്ട്)<br><br>രൂ.130000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | സോമരാജൻ നായർ,<br><br>വെള്ളാടത്ത്.<br><br>എം.ബുക്ക് നം.53/15-16<br><br>ബിൽ നം.48/15-16/ 18.3.16- രൂ.120000<br><br>ബിൽ നം.72/30.3.16- രൂ.128699 | 12.75m3<br><br>@7297.16/m3<br><br>= 93038.79 | @6926.02/m3<br><br>= 88306.76 | 4732 |
| 10 | S.176/16- പ്ലാവറ ഞാറക്കാട്ട് റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.150000 (തനതുഫണ്ട്) | ജയകമാർ,<br><br>കരുവിക്കാട്ടിൽ.<br><br>എം.ബുക്ക് നം.41/15-16<br><br>ചെക്ക് നം. 108561/ 23.2.16- രൂ.147961 | 7.59m3<br><br>@7297.16/m3<br><br>= 55020.59 | @6926.02/m3<br><br>= 52568.49 | 2452 |
| 11 | S.174/16- കാരമല പുറമല റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.150000 (തനതുഫണ്ട്) | ഗീവർഗീസ്,<br><br>നെല്ലിക്ക വടക്കേതിൽ.<br><br>എം.ബുക്ക് നം.52/15-16<br><br>ചെക്ക് നം. 108567/ 10.3.16- രൂ.149643 | 7.625m3<br><br>@7297.16/m3<br><br>= 55640.85 | @6926.02/m3<br><br>= 52810.90 | 2830 |
| 12 | S.173/16- ചെങ്ങോത്ത് പടി പ്ലാന്തോട്ടത്തിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.150000 (തനതുഫണ്ട്) | വർഗീസ് ദാനിയേൽ,<br><br>ആലുനിൽക്കുംകാലായിൽ.<br><br>എം.ബുക്ക് നം.56/15-16<br><br>ചെക്ക് നം.108572/ 22.3.16- രൂ.148364 | 7.56m3<br><br>@7297.16/m3<br><br>= 55166.52 | @6926.02/m3<br><br>= 52360.71 | 2806 |
| 13 | S.171/16- ബാലാക്കൽ പടി വൃന്ദാവൻ പടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ചാക്കോ,<br><br>കീച്ചേരിൽ.<br><br>എം.ബുക്ക് നം.54/15-16<br><br>ബിൽ നം.58/15-16/ 26.3.16- രൂ.148364 | 7.56m3<br><br>@7297.16/m3<br><br>= 55166.52 | @6926.02/m3<br><br>= 52360.71 | 2806 |
| 14 | S.167/16- ഇരുമ്പുകുഴി മാടപ്പാട്ടുതടം നടപ്പാത കോൺക്രീറ്റിംഗ്.<br><br>രൂ.150000 (വികസനഫണ്ട്) | ലിൻസി തോമസ്,<br><br>മാടപ്പാട്ടുതടത്തിൽ.<br><br>എം.ബുക്ക് നം.55/15-16<br><br>ബിൽ നം.49/15-16/ 18.3.16- രൂ.147172 | 7.5m3<br><br>@7297.16/m3<br><br>= 54728.70 | @6926.02/m3<br><br>=51945.15 | 2784 |
| 15 | S.74/16- പാഴ്സനേജ് പടി ചൂരനോലി റോഡ് കോൺക്രീറ്റിംഗ്. | മത്തായി എബ്രഹാം,<br><br>എരുത്തിക്കൽ.<br><br>എം.ബുക്ക് നം.22/15-16 | 5.75m3<br><br>@7058.78/m3<br><br>= 40587.98 | @6699.76/m3<br><br>= 38523.62 | 2064 |

| | | | | | |
|---|---|---|---|---|---|
| | രൂ.110000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ബിൽ നം.31/15-16/ 14.1.16- രൂ.109130 | | | |
| 16 | S.73/16- ചെങ്ങോത്ത് പടി പ്ലാന്തോട്ടത്തിൽ റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.110000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | എബ്രഹാം ജോർജ്,<br><br>നടുവിലേക്കറ്റ്.<br><br>എം.ബുക്ക് നം.23/15-16<br><br>ബിൽ നം.26/15-16/ 28.12.15- രൂ.108387 | 5.71m3<br><br>@7058.78/m3<br><br>= 40305.63 | @6699.76/m3<br><br>= 38255.63 | 2050 |
| 17 | S.72/16- പുതുക്കുടി പടി എരുത്തിക്കൽ പടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.105000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | മത്തായി എബ്രഹാം,<br><br>എരുത്തിക്കൽ.<br><br>എം.ബുക്ക് നം.24/15-16<br><br>ബിൽ നം.25/15-16/ 28.12.15- രൂ.104402 | 5.5m3<br><br>@7058.78/m3<br><br>= 38823.29 | @6699.76/m3<br><br>= 36848.68 | 1975 |
| 18 | S.71/16- അങ്ങാടിപടി മാച്ചാത്തിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.210000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ജോസഫ് തോമസ്,<br><br>പയനിമല.<br><br>എം.ബുക്ക് നം.17/15-16<br><br>ബിൽ നം.27/15-16/ 28.12.15- രൂ.208786 | 11m3<br><br>@7058.78/m3<br><br>= 77646.58 | @6699.76/m3<br><br>= 73697.36 | 3949 |
| 19 | S.68/16- കൊട്ടിയമ്പലം പയറ്റുകാലാ പടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.235000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | തോമസ് എബ്രഹാം,<br><br>പയറ്റുകാലായിൽ.<br><br>എം.ബുക്ക് നം.18/15-16<br><br>ബിൽ നം.24/15-16/ 28.12.15- രൂ.234318 | 12.30m3<br><br>@7058.78/m3<br><br>= 86822.99 | @6699.76/m3<br><br>= 82407.05 | 4416 |
| 20 | S.67/16- ഉണ്ടിയിൽ പടി കടുക്കപ്പതാൽ റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.300000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | വർഗീസ് ചെറിയാൻ,<br><br>ഞാക്കകാലായിൽ.<br><br>എം.ബുക്ക് നം.20/15-16<br><br>ബിൽ നം.53/15-16/ 26.3.16- രൂ.291866 | 15.37m3<br><br>@7058.78/m3<br><br>= 108493.45 | @6699.76/m3<br><br>= 102975.31 | 5518 |
| 21 | S.65/16- തേവലക്കുളം ഒട്ടമാങ്കൽ പടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | രാജഗോപാലൻ,<br><br>വേട്ടംപള്ളിൽ.<br><br>എം.ബുക്ക് നം.32/15-16<br><br>ബിൽ നം.56/15-16/ 26.3.16- രൂ.199279 | 10.5m3<br><br>@7058.78/m3<br><br>= 74117.19 | @6699.76/m3<br><br>= 70347.48 | 3770 |
| 22 | S.62/16- സൊസൈറ്റി പടി കഴിക്കാലാപടി റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | വിജയ് വിവേക്,<br><br>വാഴയിലേത്ത്.<br><br>എം.ബുക്ക് നം.16/15-16<br><br>ബിൽ നം.29/15-16/ 29.3.16- രൂ.146720 | 10.5m3<br><br>@7058.78/m3<br><br>= 74117.19 | @6699.76/m3<br><br>= 70347.48 | 3770 |
| 23 | S.59/16- നെട്ടമല അടിച്ചിനാക്കുഴി റോഡ് | അപ്പു ബാബു, | 10.26m3 | 68739.54 | 3684 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ്.<br><br>രൂ.200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ചെമ്പുംപുറത്ത്.<br><br>എം.ബുക്ക് നം.26/15-16<br><br>ബിൽ നം.52/15-16/ 18.3.16- രൂ.195332 | @7058.78/m3<br><br>=72423.08 | | |
| 24 | S.57/16- അമ്പനിക്കാട് വെള്ളാങ്കൽ റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.235000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ഗീതാകുമാരി,<br><br>ഗീതാലയം.<br><br>എം.ബുക്ക് നം.25/15-16<br><br>ബിൽ നം.67/15-16/ 26.3.16- രൂ.234318 | 12.3m3<br><br>@7058.78/m3<br><br>=86822.99 | @6699.76/m3<br><br>= 82407.05 | 4416 |
| 25 | S.56/16- കാവുംപുറം അമ്പനിക്കാട് നടപ്പാത കോൺക്രീറ്റിംഗ്.<br><br>രൂ.100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | പ്രസന്നൻ,<br><br>കാവുംപുറത്ത്.<br><br>എം.ബുക്ക് നം.27/15-16<br><br>ബിൽ നം.34/15-16/ 22.2.16- രൂ.86107 | 4m3<br><br>@7058.78<br><br>=28235.12 | @6699.76/m3<br><br>= 26799.04 | 1436 |
| 26 | S.55/16- നിരവുംപുറത്ത് പടി ശ്രീകണ്ഠേശ്വര ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.298966 (ലോകബാങ്ക് സഹായം) | നൈനാൻ,<br><br>പൂന്തലമലയിൽ.<br><br>എം.ബുക്ക് നം.3/15-16<br><br>ബിൽ നം.8/15-16/ 23.9.15- രൂ.298966 | 15.75m3<br><br>@7058.78/m3<br><br>=111175.78 | @6699.76/m3<br><br>= 105521.22 | 5655 |
| 27 | S.51/16- ഇടയ്ക്കാട്ട് ചൂരനോലി സണ്ടേസ്കൂൾ റോഡ് കോൺക്രീറ്റിംഗ്.<br><br>രൂ.10000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br><br>രൂ.110000 (തനതുഫണ്ട്) | സ്കറിയ,<br><br>വടക്കേറ്റത്ത്.<br><br>എം.ബുക്ക് നം.31/15-16<br><br>ചെക്ക് നം.108551/ 8.1.16- രൂ.108996<br><br>ബിൽ നം.33/22.2.16- രൂ.10000 | 6.3m3<br><br>@7058.78/m3<br><br>=44470.31 | @6699.76/m3<br><br>= 42208.49 | 2262 |
| 28 | S.50/16- താഴത്തെക്കുറ്റ് കോളനി റോഡ് | അനിലകുമാരി,<br><br>പുളിച്ചിമാങ്കൽ പുതിയവീട്ടിൽ.<br><br>എം.ബുക്ക് നം.30/15-16<br><br>ചെക്ക് നം.108550/ 8.1.16- രൂ.68329 | 3.5m3<br><br>@7058.78/m3<br><br>=24705.73 | @6699.76/m3<br><br>= 23449.16 | 1257 |
| 29 | S.48/16- വിലങ്ങുപാറ റോഡ് | ബിജു ജോർജ്,<br><br>തള്ളേത്ത്.<br><br>എം.ബുക്ക് നം.29/15-16<br><br>ചെക്ക് നം.108549 /8.1.16- രൂ.134791 | 6.75m3<br><br>@7058.78/m3<br><br>=47646.76 | @6699.76/m3<br><br>= 45223.38 | 2423 |
| 30 | S.47/16- പള്ളിപ്പടി റോഡ് | അനിൽകുമാർ,<br><br>കാക്കാനിക്കുഴിയിൽ. | 25.5m3<br><br>@7058.78/m3 | @6699.76/m3<br><br>= 170843.88 | 9155 |

| | | | | | |
|---|---|---|---|---|---|
| | | എം.ബുക്ക് നം.1/15-16<br>ബിൽ നം.12/15-16/ 25.9.15- രൂ.484041 | =179998.89 | | |
| 31 | S.46/16- സ്നേഹതീരം റോഡ് | സാബു ഫിലിപ്പ്,<br>കൈതാടത്ത്.<br>എം.ബുക്ക് നം.40/15-16<br>ബിൽ നം.51/15-16/ 18.3.16- രൂ.33215 | 3.64m3<br>@7058.78/m3<br>=25693.95 | @6699.76/m3<br>= 24387.13 | 1307 |
| 32 | S.44/16- തട്ടക്കാട്ട് പടി റോഡ് | മത്തായി,<br>ആലുനിൽക്കുന്നതിൽ.<br>എം.ബുക്ക് നം.12/15-16 ചെക്ക് നം.108526/ 1.10.15- രൂ.98706 | 5.2m3<br>@7058.78<br>=36705.66 | @6699.76/m3<br>= 34838.75 | 1867 |
| 33 | S.43/16- കാരമല മലങ്കോട്ട റോഡ് | രഘുരാമൻ,<br>പാറയിൽ.<br>എം.ബുക്ക് നം.36/15-16<br>ബിൽ നം.57/15-16/ 26.3.16- രൂ.199279 | 10.5m3<br>@7058.78/m3<br>=74117.19 | @6699.76/m3<br>= 70347.48 | 3770 |
| 34 | S.42/16- ബാലാക്കൽ പടി വൃന്ദാവനം പടി റോഡ് | ചാക്കോ, കീച്ചേരിൽ<br>എം.ബുക്ക് നം.38/15-16<br>ബിൽ നം.70/15-16/ 30.3.16- രൂ.232755 | 12.28m3<br>@7058.78/m3<br>=86681.81 | @6699.76/m3<br>= 82273.05 | 4409 |
| 35 | S.40/16- ഇരുമ്പുകുഴി മാടപ്പാട്ടുതടം റോഡ് | ജസ്റ്റി ബിനു,<br>മാടപ്പാട്ടുതടത്തിൽ.<br>എം.ബുക്ക് നം.28/15-16<br>ബിൽ നം.32/15-16/ 22.2.16- രൂ.92711<br>ബിൽ നം.50/18.3.16- രൂ.6554 | 5.2m3<br>@7058.78/m3<br>=36705.66 | @6699.76/m3<br>= 34838.75 | 1867 |
| 36 | S.39/16- കണ്ണച്ചതേവർ ക്ഷേത്രം റോഡ് | സുരേഷ്,<br>വൈഷ്ണവം.<br>എം.ബുക്ക് നം.11/15-16<br>ബിൽ നം.13/15-16/ 25.9.15- രൂ.164332 | 8.71m3<br>@7058.78/m3<br>=61481.97 | @6699.76/m3<br>= 58354.91 | 3127 |
| 37 | S.38/16- ആശ്രമം താന്നിക്കൽ പടി റോഡ് | വിജയമ്മ ശിവദാസൻ,<br>സുജാഭവൻ.<br>എം.ബുക്ക് നം.9/15-16<br>ബിൽ നം.9/15-16/ 25.9.15- രൂ.396536 | 20.89m3<br>@7058.78<br>=147457.91 | @6699.76/m3<br>= 139957.99 | 7500 |

| | | | | | |
|---|---|---|---|---|---|
| 38 | S.33/16- ഉലിപ്പാറ വെങ്ങളം റോഡ് | അശ്വതി തങ്കപ്പൻ,<br><br>മലേക്കീഴ്.<br><br>എം.ബുക്ക് നം.7/15-16<br><br>ബിൽ നം.17/15-16/ 28.9.15- രൂ.354164 | 18.67m3<br><br>@7058.78/m3<br><br>=131787.42 | @6699.76/m3<br><br>= 125084.52 | 6703 |
| 39 | S.32/16- വേങ്ങളം കടക്കലുങ്കൽ റോഡ് | അശ്വതി തങ്കപ്പൻ,<br><br>മലേക്കീഴ്.<br><br>എം.ബുക്ക് നം.13/15-16<br><br>ബിൽ നം.28/15-16/ 29.12.15- രൂ.176378 | 9.61m3<br><br>@7058.78/m3<br><br>=67834.88 | @6699.76/m3<br><br>= 64384.69 | 3450 |
| 40 | S.29/16- എലിക്കുഴ കണിപ്പറമ്പിൽ റോഡ് | പൊന്നമ്പിളി,<br><br>പാറയ്ക്കമുകളിൽ.<br><br>എം.ബുക്ക് നം.19/15-16<br><br>ബിൽ നം.23/15-16/ 29.12.15- രൂ.280003 | 14.76m3<br><br>@7058.78/m3<br><br>=104187.59 | @6699.76/m3<br><br>= 98888.46 | 5299 |
| 41 | S.27/16- വെള്ളാങ്കൽ പടി റോഡ് | റെജി,<br><br>പഴമ്പള്ളി ഉണ്ടിയിൽ.<br><br>എം.ബുക്ക് നം.10/15-16<br><br>ബിൽ നം.14/15-16/ 25.9.15- രൂ.248020 | 13.06m3<br><br>@7058.78/m3<br><br>=92187.67 | @6699.76/m3<br><br>= 87498.86 | 4689 |
| ആകെ | | | | | 151439 |

മേൽ പറഞ്ഞ പ്രകാരം അധികം നൽകിയ ഉക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉകകൾ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (3-15) മൃഗാശുപത്രി മെയിന്റനൻസ്- പ്രൊജക്ട് പ്രകാരം വാങ്ങിയ വാട്ടർടാങ്ക് സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | S.142/15-16(SO.96/14-15)- മൃഗാശുപത്രിയ്ക്ക് മെയിന്റനൻസ് |
| അടങ്കൽ ഉക | രൂ.210000 (മെയിന്റനൻസ് ഫണ്ട്) |
| കൺവീനർ | കെ.പി.ഫിലിപ്പ്, കളത്തിക്കാട്ടിൽ |
| ചെലവ് വിവരം | ബിൽ നം.30/13.1.16- രൂ.206619 |

പ്രസ്തുത പ്രവൃത്തിയുടെ 26-ാം ഇനമായി പി.വി.സി വാട്ടർടാങ്ക് സ്ഥാപിക്കൽ എന്ന പ്രവൃത്തിയ്ക്ക് 5487രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മൃഗാശുപത്രിയിൽ നേരത്തേ തന്നെ ഉണ്ടായിരുന്ന പി.വി.സി വാട്ടർടാങ്ക് തന്നെയാണ് കണക്കു ചെയ്തിരിക്കുന്നതെന്ന് ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കൺവീനർ ഹാജരാക്കിയ വൗച്ചറുകളോടൊപ്പമുള്ള ഒരു ബില്ലിൽ (ഐശ്വര്യ ഏജൻസീസ്, കമ്പനാട്- ബിൽ നം.148/3.3.15), 1000ലിറ്റർ വാട്ടർടാങ്ക് വാങ്ങിയതായി കാണിച്ചിട്ടുണ്ടെങ്കിലും ആയതല്ല മൃഗാശുപത്രിയിൽ സ്ഥാപിച്ചത് എന്ന് വ്യക്തമാണ്. ഡോക്ടറുടെ റിക്വസ്റ്റ് പ്രകാരം പഞ്ചായത്തിൽ നിന്നും അനുവദിച്ച തനതുഫണ്ട് ഉപയോഗിച്ച് 25.2.13-ൽ മണിമല ഇലക്ട്രിക്കൽസ്, തടിയൂർ- എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 1000ലിറ്റർ ടാങ്ക് മൃഗാശുപത്രിയിൽ നിലവിലുണ്ടായിരുന്നു. പ്രസ്തുത ടാങ്കാണ് മോട്ടോറുമായി ഘടിപ്പിച്ചിരിക്കുന്നത്.

ആയതിനാൽ 26-ാം ഇനമായി കൺവീനർക്ക് നൽകിയ 5487രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഉക കൺവീനറിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

# (3-16) എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ- നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല

2015-16 വർഷം എഗ്രിമെന്റ് വെച്ച താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ വിവരം | എഗ്രിമെന്റ് തീയതി | കൺവീനർ/ കരാറുകാരൻ | പ്രവൃത്തി നടത്താഞ്ഞതിന്റെ കാരണം |
|---|---|---|---|---|
| 1 | അത്യാൽ മേത്താനം റോഡ് കോൺക്രീറ്റിംഗ്. (S.35/16) | 31.7.15 | സുക.കെ.തോമസ് | ബിൽ തുക നൽകിയിട്ടില്ല |
| 2 | അരയാലുങ്കൽ തടം കുമ്പംകുളം പഴക്കാമാവ് റോഡ് കോൺക്രീറ്റിംഗ്.(S.36/16) | 8.12.15 | വി.ഡി.തോമസ് | പണി പൂർത്തീകരിച്ചില്ല |
| 3 | കൊട്ടിയമ്പലം കവലയിൽ വെയിറ്റിംഗ് ഷെഡ്.(S.61/16) | 16.2.16 | എം.കെ.ചന്ദ്രബോസ് | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 4 | തൊട്ടിയിൽ പടി പറങ്കാമൂട്ടിൽ പടി റോഡ് കോൺക്രീറ്റിംഗ്. (S.80/16) | 10.8.15 | എം.ഗീവർഗീസ് | ബിൽ തുക നൽകിയിട്ടില്ല |
| 5 | 49-ാം നമ്പർ അംഗൻവാടി കെട്ടിടം അനുബന്ധസൗകര്യം (S.92/16) | 3.3.16 | മനോജ് ജോസഫ് | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 6 | 56-ാം നമ്പർ അംഗൻവാടി കെട്ടിടം ബേബി ടോയിലറ്റ് (S.95/16) | 16.2.16 | എം.കെ.ചന്ദ്രബോസ് | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 7 | മൃഗാശുപത്രിയ്ക്ക് ചുറ്റുമതിൽ അനുബന്ധസൗകര്യങ്ങൾ (S.94/16) | 24.2.16 | ബിജു ജോൺ തോമസ് | പണി പൂർത്തീകരിച്ചില്ല |
| 8 | കൃഷിഭവൻ അനുബന്ധസൗകര്യങ്ങൾ (S.96/16) | 16.2.16 | എം.കെ.ചന്ദ്രബോസ് | പണി പൂർത്തീകരിച്ചില്ല |
| 9 | മേത്താനം 43-ാം നമ്പർ അംഗൻവാടി കെട്ടിടം (S.133/16) | 3.2.15 | സജു എബി മാത്യു | ബിൽ തുക നൽകിയിട്ടില്ല |
| 10 | 54-ാം നമ്പർ അംഗൻവാടി നിർമ്മാണം. (S.135/16) | 3.2.15 | ബെന്നി സാം | ബിൽ തുക നൽകിയിട്ടില്ല |
| 11 | ഗ്രാമപഞ്ചായത്തിൽ ടോയിലറ്റ് സമുച്ചയം. (S.149/16) | 4.8.15 | എം.കെ.ചന്ദ്രബോസ് | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 12 | കാർഷികവിപണന കേന്ദ്രം വയറിംഗ്. (S.150/16) | 20.8.15 | ഡിനു ചാക്കോ | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 13 | മൃഗാശുപത്രി കെട്ടിടത്തിന്റെ വൈദ്യുതീകരണം. (S.151/16) | 20.8.15 | ഡിനു ചാക്കോ | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 14 | വിവിധ അംഗൻവാടി കെട്ടിടങ്ങളുടെ വൈദ്യുതീകരണം. (S.152/16) | 20.8.15 | ഡിനു ചാക്കോ | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 15 | ഗ്രാമപഞ്ചായത്ത് അറ്റകുറ്റപ്പണിയും അനുബന്ധസൗകര്യങ്ങളും. (S.169/16) | 16.2.16 | എം.കെ.ചന്ദ്രബോസ് | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 16 | ഇണ്ടനാട് ചുഴന ഹരിജൻ കോളനി റോഡ് കോൺക്രീറ്റിംഗ്. (S.172/16) | 8.12.15 | ജോർജ് തോമസ് | ബിൽ തുക നൽകിയിട്ടില്ല |
| 17 | കാഞ്ഞിരത്തുമുറി റോഡിൽ റോഡ് കോൺക്രീറ്റിംഗ്. (S.184/16) | 3.3.16 | ആൻസ്.കെ.എ | ബിൽ തുക നൽകിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 18 | തെള്ളിയൂർ പി.എച്ച്.സി-യിൽ പൊതുടോയിലറ്റ് നിർമ്മാണം. (S.147/16) | 4.8.15 | എം.കെ.ചന്ദ്രബോസ് | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 19 | എഴുമറ്റൂർ സ്റ്റേഡിയത്തിന് കളിസ്ഥലം നിർമ്മാണം. (S.143/16) | 13.2.15 | ശിവരാജ്.ആർ | കരാറുകാരന് 2.11.16-ൽ നോട്ടീസ് നൽകി. |
| 20 | 51-ാം നമ്പർ അംഗൻവാടി നിർമ്മാണം. (S.134/16) | 3.2.15 | ബെന്നി സാം | ബിൽ തുക നൽകിയിട്ടില്ല |

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എഗ്രിമെന്റ് പ്രകാരമുള്ള നിശ്ചിത കാലാവധിയ്ക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ നിയമാനുസൃതമുള്ള ഫൈൻ ഈടാക്കേണ്ടതാണ്.

# (3-17) പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിച്ചു- കാരണം വ്യക്തമാക്കിയിട്ടില്ല

2015-16 വർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിച്ചു. പ്രവൃത്തികൾ പൂർത്തീകരിക്കാഞ്ഞതിന്റെ കാരണം എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയോ പഞ്ചായത്ത് കമ്മറ്റി അനുമതി നൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**1.** പ്രൊജക്ട് നം.S.94/15(SO.140/16)- 54-ാം നമ്പർ അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം.

250000രൂപ മെയിന്റനൻസ് ഫണ്ട് വകയിരുത്തിയിരുന്ന പ്രവൃത്തിയുടെ കൺവീനർ ശ്രീ.അനിൽകുമാർ, കാക്കാനിക്കുഴിയിൽ- എന്നയാളായിരുന്നു. 13.1.15-ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തിയ്ക്ക് ഫൈനൽ ബില്ല് തയ്യാറാക്കി 26.3.16-ൽ 137377രൂപ മാത്രം ചെലവു ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്യാതെ പാതിവഴിയിൽ ഉപേക്ഷിച്ച് ഫൈനൽ ബില്ല് തയ്യാറാക്കിയതായി കാണുന്നു. താഴെ പറയുന്ന അളവിൽ മാത്രമെ പ്രവൃത്തികൾ ചെയ്തിട്ടുള്ളൂ.

| ഇനം | എസ്റ്റിമേറ്റു പ്രകാരം അളവ് | ചെയ്ത അളവ് |
|---|---|---|
| 1. ഫൗണ്ടേഷനു വേണ്ടി മണ്ണ് കുഴിക്കൽ | 142.95m3 | 79.44m3 |
| 2. ഡ്രൈ റബിൾ മേസൺറി | 119.5m3 | 65.31m3 |
| 3. 1:3:6 അനുപാതത്തിൽ ബെൽറ്റ് വാർക്കൽ | 3.375m3 | 2.013m3 |

**2.** S.46/16- സ്നേഹതീരം പാറപൊട്ടാനി റോഡ് റീകോൺക്രീറ്റിംഗ്.

പ്രസ്തുത റോഡിലെ കുഴികൾ അടച്ച് 100മീറ്റർ ഭാഗത്ത് 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് നടത്താനായി 115000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഏകദേശം 30മീറ്റർ ഭാഗം മാത്രമാണ് ചെയ്തത്. ഫൈനൽ ബില്ല് തയ്യാറാക്കി 18.3.16-ൽ 33215രൂപ മാത്രം ചെലവഴിച്ചു. (കൺവീനർ-ശ്രീ.സാബു ഫിലിപ്പ്, കൈതാടത്ത്). ബാക്കി പ്രവൃത്തികൾ ചെയ്തിട്ടില്ല.

മേൽപറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കാഞ്ഞതിന്റെ കാരണം കൺവീനർമാർ രേഖാമൂലം അറിയിക്കുകയോ എഞ്ചിനീയർ കാര്യകാരണസഹിതമുള്ള റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ല. യഥാർത്ഥ കാരണം പഞ്ചായത്ത് കമ്മറ്റിയെ ബോധ്യപ്പെടുത്തി അനുമതി വാങ്ങാതെ പ്രവൃത്തികൾ ക്ലോസ് ചെയ്ത് ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകിയത് എഞ്ചിനീയറുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഇതിന് വിശദീകരണം നൽകേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

# (3-18) ഐ .സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതി-അപാകതകൾ

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 9/2015-16 അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി | 1350000/- | 893849/- |

പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

(എ) അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

പഞ്ചായത്തിന്റെ കീഴിലുള്ള 21 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽവീതം ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-02-2016 ഐ.സി.ഡി.എസ്.ബി3-312/2010നമ്പർ

സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളിലേക്ക് നൽകിയിട്ടുള്ള അമൃതം ഫുഡ് ന്യൂട്രിമിക്സ് സാമ്പിളുകൾ ഇത്തരം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയതായിട്ടുള്ള റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതു പോലെതന്നെ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് നടത്തേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യ മിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ല എന്ന് കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ബി) ഗ്രാമശ്രീ ന്യൂട്രിമിക്സ് യൂണിറ്റിന് അധിക തുക നൽകി

വള്ളംകുളം ഗ്രാമശ്രീ ന്യൂട്രിമിക്സ് യൂണിറ്റിന്റെ 11/05/2015 ലെ ബിൽ നമ്പർ 28 പ്രകാരം 630 കി,ഗ്രാം സാധനങ്ങൾ വാങ്ങിയതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 21അംഗൻവാടികളിൽ വിതരണം ചെയ്തതായിട്ടുള്ള വിശദമായ ബില്ലിൽ 35 കി .ഗ്രാമിന്റെ കുറവു കാണുന്നു.അതായത് 595 കി.ഗ്രാം സാധനങ്ങളാണ് നൽകിയിരിക്കുന്നത്.കി.ഗ്രാമിന് 56/- രൂപ പ്രകാരം 630 കി.ഗ്രാമിന് 35280/- രൂപ നൽകിയിരിക്കുന്നു(ഡി.ഡി. നമ്പർ: 381372 തീയതി.17/06/15). എന്നാൽ യഥാർത്ഥത്തിൽ 595 കി.ഗ്രാമിന് 56/-രൂപ പ്രകാരം 33320 /-രൂപയേ നൽകേണ്ടതുള്ളൂ. 1960/- രൂപ കൂടുതലായി നൽകിയിരിക്കുന്നു.ട്രാൻസ്പോർട്ടേഷൻ ചാർജായി 630-595= 35/- രൂപയും കൂടുതലായി നൽകിയിട്ടുണ്ട്. അതായത് ആകെ 1960+35=1995/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം തെറ്റായ ബിൽ നൽകിയപ്പോൾ അത് പരിശോധിക്കാതെ തുക നൽകിയത് നിർവഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

(സി) മറ്റ് അപാകതകൾ

അംഗൻവാടികളിൽ പച്ചക്കറികൾ, പാചകവാതകം മുതലായവ വാങ്ങുന്നതിന്റെ വൗച്ചറുകൾ നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അതുമായി ബന്ധപ്പെട്ട രേഖകൾ ബന്ധപ്പെട്ട അംഗൻവാടികളിൽ തന്നെ സൂക്ഷിക്കുന്നതായാണ് ഓഡിറ്റിൽ അറിയിച്ചത്. ആയത് ശരിയായ രീതിയല്ല. രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ വാങ്ങി സൂക്ഷിക്കേണ്ടതും ഓഡിറ്റ് വേളയിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

17/03/2016 ൽ ഇഷ്യൂ നമ്പർ :15660 പ്രകാരം കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, എഴുമറ്റൂർ ഡിപ്പോയിൽ നിന്ന് 91916.92 രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. എന്നാൽ അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്. ഐ .സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ അംഗൻവാടികളുടെ സ്റ്റോക്കിലെടുത്തത് എപ്രകാരമാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കേണ്ടതാണ്.

# (3-19) അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം

പഞ്ചായത്ത് പരിധിയിൽ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 10 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 11 എണ്ണം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 6 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. സ്വന്തം കെട്ടിടത്തിൽ വൈദ്യുതി ഉള്ളത് 4 എണ്ണത്തിന് മാത്രമാണ്. 3 എണ്ണത്തിന് കംപ്യൂട്ടർ ഉണ്ട്. ഭൗതിക സാഹചര്യങ്ങളുടെ അഭാവം, അപര്യാപ്തത എന്നിവയാണ് അങ്കണവാടികൾ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളിൽ നിർമ്മാണത്തിലെ അപാകതകൾ മൂലം അസൗകര്യങ്ങൾ നേരിടുന്നവയാണ്. ഉദാഹരണത്തിന് ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ 49ാം നമ്പർ അംഗൻവാടിയുടെ മുൻവശത്തെ ഷെയിഡിന് വേണ്ടത്ര തള്ളൽ ഇല്ലാത്തതിനാൽ മഴവെള്ളം പടികളിൽ വീണ് തെറിച്ച് മുറിക്കുള്ളിൽ വീഴുന്ന അവസ്ഥയിലാണ്. അടുക്കള സ്ലാബ് അവശ്യത്തിനുള്ള വലിപ്പം ഇല്ലാത്തതാണ്. നിർമ്മാണപ്രവൃത്തികളിൽ വേണ്ട മേൽനോട്ടം ഇല്ലാത്തതിനാലാണ് ഇത്തരം അപാകതകൾ ഉണ്ടാകുന്നത്. അംഗൻവാടികളിൽ അടിസ്ഥാന സൗകര്യ ഒരുക്കുന്നതിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

# (3-20) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005-ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 2008-09 സാമ്പത്തിക വർഷം മുതൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2015-16 വർഷത്തെ പദ്ധതി നടത്തിപ്പു രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| • | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1927 |
| • | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1927 |
| • | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 186 |
| • | തൻവർഷത്തെ ആകെ അടങ്കൽ | 120.02 ലക്ഷം |

| | | |
|---|---|---|
| • | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 169 |
| • | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 169 |
| • | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | 3 എണ്ണം<br><br>307467 രൂപ |
| • | തൻവർഷത്തെ ചെലവ് | 7295725 (തനത് ഫണ്ട്- 139500) |
| • | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 823 |
| • | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 801 |
| • | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 19 |
| • | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഇല്ല |
| • | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഇല്ല |
| • | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് |
| • | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | പറത്താനമല- തേവലക്കളം റോഡ് കോൺക്രീറ്റ്<br><br>നിരവുംപുറം- പാലക്കുഴി റോഡ് കോൺക്രീറ്റ്<br><br>പാറക്കടവ്- ഒട്ടമാങ്കൽ റോഡ് കോൺക്രീറ്റ് |
| • | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | മെയ് |
| • | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| • | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഇല്ല |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2014-15 | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| 1 | മണ്ണ്-ജല സംരക്ഷണം | 133 | 50.01 |
| 2 | വരൾച്ച തടയൽ, വന വത്കരണം | x | x |
| 3 | ചെറുകിട ജലസേചനം | x | x |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗ ക്കാർ തുടങ്ങി യവരുടെ ഭൂമിയിൽ ജല സംരക്ഷ ണം, ഭൂവികസനം | x | x |
| 5 | പരമ്പരാഗത ജല സ്രോതസ്സുകളുട പുനരുദ്ധാരണം | 23 | 15.75 |

| | | | |
|---|---|---|---|
| 6 | ഐ.എ.വൈ. ഭവന നിർമ്മാണം | 13 | 3.93 |
| 7 | ഭൂവികസനം | x | x |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | x | x |
| 8 | റൂറൽ കണക്റ്റിവിറ്റി | x | x |
| | ആകെ | 169 | 69.69 |

<u>തൊഴിൽ നൽകിയതിന്റെ വിവരം</u>

| വർഷം | രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | തൊഴിൽ കാർഡ് നല്കിയ കുടുംബങ്ങൾ | തൊഴിലിന് അപേക്ഷിച്ച കുടുംബങ്ങൾ | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | നല്കിയ തൊഴിൽ ദിനങ്ങൾ | ശരാശരി തൊഴിൽ ദിനങ്ങൾ | നൂറ് ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ |
|---|---|---|---|---|---|---|---|
| 2015-16 | 1927 | 1927 | 823 | 801 | 42075 | 52.5 | 19 |

| വർഷം | പഞ്ചായത്ത് അംഗീ കരിച്ച പദ്ധതി കൾ | ബി.പി.ഒ. അംഗീകരിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | തൊഴിൽ ആവശ്യ പ്പെട്ട കുടുംബങ്ങൾ | തൊഴിൽ ലഭിച്ച കുടുംബ ങ്ങൾ | നല്കിയ തൊഴിൽ ദിനങ്ങൾ | നല്കാമായിരുന്ന തൊഴിൽ ദിനങ്ങൾ | നിഷേധി ക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | തൊഴി ലാളികൾക്ക് നിഷേധി ക്കപ്പെട്ട വേതനം |
|---|---|---|---|---|---|---|---|---|---|
| 2015-16 | 186 | 186 | 169 | 823 | 801 | 42075 | 82300 | 40225 | 9211525 |

<u>തൊഴിലിന് അപേക്ഷിച്ചവർക്കെല്ലാം *100* ദിവസം തൊഴിൽ നൽകിയില്ല</u>

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽനൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദേശീയതൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും സർക്കാർ ഒരു സാമ്പത്തിക വർഷം നൂറ് ദിവസത്തിൽ കുറയാതെ തൊഴിൽ നല്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമീണ ജനതയുടെ ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമിട്ട് നടപ്പിലാക്കിയ പദ്ധതിയുടെ അന്തസ്സത്ത ഉൾക്കൊള്ളാതെ തൊഴിലിനപേക്ഷിച്ച എല്ലാ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കുന്നതിന് ആവശ്യമായത്ര പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയില്ല. ഓഡിറ്റ് വർഷം 19 പേർക്ക് മാത്രമാണ് 100 ദിവസം തൊഴിൽ നൽകാനായിട്ടുള്ളത്. സ്ഥിരമായി തൊഴിൽ ആവശ്യപ്പെടുന്ന തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനാവശ്യമായ പ്രോജക്ടുകൾ പഞ്ചായത്ത് ഏറ്റെടുക്കാത്തതിനാൽ മേൽകാണിച്ചിരിക്കുന്ന പ്രകാരം 40225 തൊഴിൽ ദിനങ്ങളും, അതനനുസരിച്ച് തൊഴിലാളികൾക്ക് വേതനം ഇനത്തിൽ ലഭിക്കുമായിരുന്ന 92.11 ലക്ഷം രൂപയും നഷ്ടപ്പെട്ടു. ഇതു കൂടാതെ പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ ആർജ്ജിക്കാമായിരുന്ന ആസ്തിയും നഷ്ടപ്പെടുകയുണ്ടായി.

തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകാൻ കഴിയുന്ന രീതിയിലുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ്. പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും കേന്ദ്രവിഹിതം പൂർണ്ണമായും തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതുമാണ്.

# (3-21) <u>ആശ്രയ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല</u>

2014-2017 കാലയളവിലേക്കാണ് ഗ്രാമപ്പഞ്ചായത്തിലെ രണ്ടാംഘട്ട ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. 79 അഗതികളെയാണ് സർവ്വെ നടത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയത്. അഗതികൾക്ക് അടിയന്തിരമായി പുനരധിവാസവും ചികിൽസയും ഭക്ഷണവും സ്വയം തൊഴിൽ ഉൾപ്പെടെയുള്ള മറ്റ് സഹായങ്ങളും നൽകുന്നതിനാണ് 4468453 രൂപ അടങ്കലുള്ള പദ്ധതിയിൽ വിഭാവനം ചെയ്തത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | വരവ് | ചെലവ് |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 3150000 | 1000000 | |
| ചലഞ്ച് ഫണ്ട് | 1318453 | 439484 | 12046 |
| ആകെ | 4468453 | 1439484 | 12046 |

| ക്രമ നം | ഇനം | തുക | എണ്ണം | ചെലവഴിച്ചത് | ആനുകൂല്യം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|
| 1 | വസ്തു | 900000 | 6 | | |
| 2 | വീട് | 2000000 | 10 | | |

| | | | | | |
|---|---|---|---|---|---|
| 3 | വീട് അറ്റകുറ്റപ്പണി | 250000 | 10 | | |
| 4 | ഭക്ഷണം | 1178400 | 79 | 12046 | 35 |
| 5 | ചികിത്സ | 25000 | 25 | | |
| 6 | വിദ്യാഭ്യാസം | 72000 | 12 | | |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വിവിധ പ്രവർത്തനങ്ങൾക്കായി ബൃഹത്തായ ഒരു പദ്ധതി ആവിഷ്ക്കരിച്ചുവെങ്കിലും 2015-16 വർഷം ചെലവഴിച്ചത് ഭക്ഷണം ഇനത്തിൽ 12046 രൂപ മാത്രമാണ്. ആശ്രയ അക്കൗണ്ടിൽ നിലവിൽ മുന്നിരിപ്പ് ഉൾപ്പെടെ 2099464 രൂപ ഉണ്ടെന്നിരിക്കെയാണ് തുച്ചമായ ചെലവ്.

സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന അംഗതികളുടെ ഉന്നമനത്തിനായി അംഗീകാരം ലഭിച്ച ഒരു പദ്ധതിയും അക്കൗണ്ടിൽ ആവശ്യമായ തുകയും ഉള്ള ഒരു സാഹചര്യത്തിലാണ് ആശ്രയ പ്രോജകിടിലെ ഇപ്രകാരമുള്ള നിഷ്ക്രിയമായ പ്രവർത്തനം. വസ്ത്ര, വീട്, വീട് അറ്റകുറ്റപ്പണി എന്നിവ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് ആയത് നൽകുന്നതിന് ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | വൗച്ചർനം/ ചെക്ക് നം, തീയതി | നിർവ്വഹണ സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | S7/16 | മേത്താൽ- അത്യാൽ റോഡ് വൈദ്യുതി ലൈൻ നീട്ടൽ | 29975 | 203/15-16, 20.07.15 | കെ.എസ്.എ.ബി. | പൂർത്തീകരണ വിവരം ഇല്ല |
| 2 | S109/16 | മാർത്തോമാ പാഴ്സനേജ്- മുളയ്ക്കൽ കഞ്ഞിത്തോട്- താന്നിക്കൽപ്പടി റോഡ് വൈദ്യുതി ലൈൻ നീട്ടൽ | 165575 | 202/15-16, 20.07.15 | കെ.എസ്.എ.ബി. | പൂർത്തീകരണ വിവരം ഇല്ല |
| 3 | S110/16 | പാഴ്സനേജ്പടി- ചൂരനോലി റോഡിൽ വൈദ്യുതി ലൈൻ നീട്ടൽ | 19947 | 201/15-16, 20.07.15 | കെ.എസ്.എ.ബി. | പൂർത്തീകരണ വിവരം ഇല്ല |
| 4 | S111/16 | ചീനിക്കണ്ടം- കുറ്റമ്മനാൽ റോഡ് വൈദ്യുതി ലൈൻ നീട്ടൽ | 29975 | 203/15-15, 20.07.15 | കെ.എസ്.എ.ബി. | പൂർത്തീകരണ വിവരം ഇല്ല |
| 5 | S165/16 | അരീക്കൽ കുടിവെള്ള പദ്ധതി | 14000 | 0108518, 22.09.15 | ഭൂജല വകുപ്പ്, പത്തനംതിട്ട | പൂർത്തീകരണ വിവരം ഇല്ല |
| 6 | S181/16 | വട്ടരി മലേക്കീഴ് കുടിവെള്ള പദ്ധതി | 1085000 | 423195, 29.03.16 | വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ഇല്ല |
| 7 | S006/16 | ആയുർവ്വേദ ഡിസ്പെൻസറിക്ക് കുടിവെള്ളമെത്തിക്കൽ | 60000 | 423818, 08.04.16 | വാട്ടർ അതോറിറ്റി | പൂർത്തീകരണ വിവരം ഇല്ല |

## (4-2 ) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## (4-3) വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| E.M.S ഭവന പദ്ധതി | 5000000 | 401035 | 401035 | | ഇല്ല. |

## (4-4 ) സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## (4-5) ഓഡിറ്റ് റിക്കവറി

ഇല്ല

## (4-6) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## (4-7 ) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 41811222 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34729456 |
| വരവിനങ്ങളിലുള്ള നഷ്ടം | 4241 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 471234 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 320328 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 4241 | | ശ്രീ. എസ്. നെൽസൺ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | | 37455 | ഡോ. ജിബി വർഗീസ്, മെഡിക്കൽ ഓഫീസർ |
| 3-3 | | 20000 | ശ്രീ. സനൽകുമാർ. കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | | 244858 | ശ്രീ. എസ്. നെൽസൺ, സെക്രട്ടറി |
| 3-12 (1,2) | | 10000 | ശ്രീമതി കുസുമം തോമസ്, കൃഷി ഓഫീസർ |
| 3-14 | | 151439 | ശ്രീ. അനൂപ് രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ &<br><br>ശ്രീമതി. ബിന്ദു വേലായുധൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-15 | | 5487 | ശ്രീ. അനൂപ് രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-18 | | 1995 | ശ്രീമതി അനിതാ എൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 4241 | 471234 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 53400 | ഭരണസമിതി അംഗങ്ങൾ |
| 3-3 | 92000 | ശ്രീ. സനൽകുമാർ. കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 6000 | ശ്രീ. സനൽകുമാർ. കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 53928 | ശ്രീ. എസ്. നെൽസൺ, സെക്രട്ടറി |
| 3-10 | 10000 | ശ്രീ. ജി. സലീംകുമാർ, സെക്രട്ടറി |
| 3-11 | 100000 | ശ്രീ. ജി. സലീംകുമാർ, സെക്രട്ടറി |
| 3-12 | 5000 | ശ്രീമതി കുസുമം തോമസ്, കൃഷി ഓഫീസർ |
| ആകെ | 320328 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എസ്. നെൽസൺ<br><br>സെക്രട്ടറി | സെക്രട്ടറി, ഏഴംകുളം ഗ്രാമപഞ്ചായത്ത് | മുണ്ടപ്പിലേത്ത്, കാരാളി ജംഗ്ഷൻ, കൊല്ലം |
| ശ്രീമതി. ബിന്ദു വേലായുധൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | പ്രസാദം, കവിയൂർ പി.ഒ. തിരുവല്ല |
| ശ്രീ. കെ. സനൽകുമാർ<br><br>അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | സുജാ നിവാസ്<br><br>തോട്ടഭാഗം |
| ശ്രീ. അനൂപ് രാജ്<br><br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br><br>ഏറ്റുമാനൂർ മുനിസിപ്പാലിറ്റി | രാജ് വിഹാർ, ഓതറ വെസ്റ്റ് |
| ശ്രീമതി കുസുമം തോമസ്<br><br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br><br>എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | അമ്പതിൻചിറ, കൊട്ടപ്പുന്ന.പി.ഒ. ആലപ്പുഴ |

| | | |
|---|---|---|
| ഡോ. ജിബി വർഗീസ്<br><br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br><br>പി.എച്ച്.സി. എഴുമറ്റൂർ | ജിഷാ വില്ല<br><br>കളനട പി.ഒ. |
| ശ്രീമതി അനിതാ എൻ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മധുലാമണ്ണിൽ, പരിയാരം<br>പി.ഒ, ഇലന്തൂർ |
| ശ്രീമതി അംബിക ഉണ്ണികൃഷ്ണൻ<br><br>മെമ്പർ വാർഡ് 1 | | ചുട്ടുമണ്ണിൽ, എഴുമറ്റൂർ പി.ഒ |
| ശ്രീ. തങ്കപ്പൻ<br><br>മെമ്പർ വാർഡ് 2 | | മലേകീഴ് വീട്, എഴുമറ്റൂർ<br>പി.ഒ |
| ശ്രീ. കെ.സി.കുട്ടപ്പൻ<br><br>മെമ്പർ വാർഡ് 1 | | കൊല്ലറയത്ത്<br><br>ചാലാപ്പള്ളി പി.ഒ |
| ശ്രീമതി സുഗതകുമാരി കെ<br><br>പ്രസിഡന്റ് | | ഊന്നുകല്ലിൽ<br><br>മണലിൽ (ശ്രീരാഗം)<br><br>എഴുമറ്റൂർ പി.ഒ |
| ശ്രീമതി ലീലാമ്മ,<br><br>വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി<br>അദ്ധ്യക്ഷ | | കൈനാടത്ത്<br><br>വാളക്കുഴി പി.ഒ. |
| ശ്രീ ജി. അനിൽകുമാർ<br><br>മെമ്പർ വാർഡ് 6 | | കോയിക്കൽ<br><br>തടിയൂർ പി.ഒ |
| ശ്രീമതി ലീലാമ്മ നൈനാൻ<br><br>മെമ്പർ വാർഡ് 7 | | പുന്തമലയിൽ<br><br>കോളഭാഗം പി.ഒ. തടിയൂർ |
| ശ്രീമതി ജയാബാബു<br><br>മെമ്പർ വാർഡ് 8 | | അടിച്ചനാകുഴി,<br><br>തെള്ളിയൂർ പി.ഒ.<br><br>വെണ്ണിക്കുളം |
| ശ്രീമതി സുമംഗല<br><br>മെമ്പർ വാർഡ് 9 | | പൂവത്തുംമൂട്ടിൽ<br><br>തെള്ളിയൂർ പി.ഒ. |
| ശ്രീമതി ലീലാമ്മ ഐസക്ക്<br><br>ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ്<br>കമ്മറ്റി അധ്യക്ഷ | | കച്ചിറയ്ക്കൽ<br><br>തെള്ളിയൂർ പി.ഒ |
| ശ്രീ. വർഗീസ് എം.വി<br><br>വൈസ് പ്രസിഡന്റ് | | മലമ്പുറത്ത്<br><br>വാളക്കുഴി പി.ഒ |
| തോമസ് ജോൺ<br><br>മെമ്പർ വാർഡ് 12 | | തൊട്ടിയിൽ<br><br>വാളക്കുഴി പി.ഒ |
| തലയാർ ഗോപി<br><br>മെമ്പർ വാർഡ് 13 | | രഞ്ജിനി ഭവനം<br><br>എഴുമറ്റൂർ.പി.ഒ. |
| സന്തോഷ്<br><br>മെമ്പർ വാർഡ് 14 | | സായി നിവാസ്<br><br>എഴുമറ്റൂർ.പി.ഒ. |

## (4-8) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

## തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 12/522/1998 തീയതി 13-01-2010 |
| 1998-99<br>(വരവ്) | എൽ.എഫ്.പി.റ്റി.എ-പി 5/671/2011 തീയതി 12-12-2011/13-07-2012 |
| 1999-00<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 2/769/2000 തീയതി 07-11-2001 |
| 2000-01<br>(ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/177/2004 തീയതി 02-11-2004 |
| 2000-01<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/683/05തീയതി 03-01-2016 |
| 2001-02<br>(ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി.3/178/2004 തീയതി 02-11-2004 |
| 2001-02<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/683/2005 തീയതി 03-01-2006 |
| 2001-02<br>(വരവ്) | എൽ.എഫ്.പി.റ്റി.എ-പി.5/674/2011 തീയതി 12-12-2011/21-07-2012 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി 5/675/2011തീയതി 12-12-2011/21-07-2012 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി3/389/2005 തീയതി 05-05-2006 |

| | |
|---|---|
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി5/676/2011തീയതി 09-12-2011/27-07-2012 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.5/677/2011 തീയതി 12-12-2011/28-07-2012 |
| 2006-07 to 2010-11 | എൽ.എഫ്.പി.റ്റി.എ-പി.8/975/12 തീയതി 23-03-2013/03-06-2014 |
| 2011-12 to 2012-13 | എൽ.എഫ്.പി.റ്റി.എ-പി 8/538/14 തീയതി 26-08-2014/17-03-2015 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി 8/531/15 തീയതി 29-06-2015 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.8/601/16 തീയതി 01-06-2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

# 1

# Annexure

No.KSAPTA-P.8/1359/2016 Dated. 24/12./2016

CERTIFICATE

Certified that I have examined the Annual Financial Statement of Ezhumattoor Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ezhumattoor Grama Panchayat for the year 2015-16 except the obeservations in para 1-3 of this report properly presents the picture of income and expenditure.

Habbeeb Mohammad

Deputy Director

Kerala State Audit Department

Pathanamthitta

# 1

# അനുബന്ധം

നം.കെ.എസ്.എ.പി.റ്റി.എ.പി.8./1359/16 തീയതി 24/12/2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട